2023
JULY
22
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ






## ഫെഡ്ഫിന വീണ്ടും ഐപിഒയ്ക്ക് ഒരുങ്ങുന്നു

**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള ബാങ്കിതര ധനകാര്യസ്ഥാപനമായ ഫെഡ്ഫിന ആദ്യ ഓഹരി വിൽപനയ്ക്ക് (ഐപിഒ) വീണ്ടും ഒരുങ്ങുന്നു. കഴിഞ്ഞ വർഷം സെബിയുടെ അനുമതി ലഭിച്ചെങ്കിലും വിപണി സാഹചര്യം അനുകൂലമല്ലാത്തതിനാൽ ഐപിഒ നടത്തിയില്ല. ഇക്കുറി വീണ്ടും അപേക്ഷിക്കാൻ ഫെഡറൽ ബാങ്കിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് അനുമതി നൽകി.

സ്വർണപ്പണയ വായ്പകളും ഭവന വായ്പകളും ഈടിന്മേലുള്ള വായ്പകളും മറ്റും നൽകുന്ന ധനകാര്യ സ്ഥാപനമാണ് ഫെഡ്ഫിന. നിലവിൽ 570ലേറെ ശാഖകളുള്ള ഫെഡ്ഫിന പ്രവർത്തനം വിപുലമാക്കാനാണ് ഓഹരി നിക്ഷേപം തേടുന്നത്. കഴിഞ്ഞ വർഷം 900 കോടി സമാഹരിക്കാൻ ലക്ഷ്യമിട്ടെങ്കിലും ഇക്കുറി ലക്ഷ്യം എത്രയെന്നോ അതിനായി എത്ര ഓഹരി വിറ്റഴിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നോ വ്യക്തമാക്കിയിട്ടില്ല.

2011ൽ പ്രവർത്തനം തുടങ്ങിയ ഫെഡ്ഫിനയിൽ ഫെഡറൽ ബാങ്കിന് 74% ഓഹരിയാണുള്ളത്. ഐപിഒയ്ക്ക് സെബി ഒരു വർഷ കാലാവധി വച്ചാണ് അനുമതി നൽകാറുള്ളത്. അതു കഴിഞ്ഞതിനെ തുടർന്നാണ് സെബിക്ക് വീണ്ടും അപേക്ഷ നൽകുന്നത്.

## നെറ്റ്ഫ്ലിക്സ് പാസ്‌വേഡ് ഷെയറിങ് നിയന്ത്രണം ഇന്ത്യയിലും

**ന്യൂദൽഹി:** ഉപയോക്താക്കൾ പാസ്‌വേഡ് പങ്കിടുന്നതിന് നെറ്റ്ഫ്ലിക്സ് ഇന്ത്യയിലും നിയന്ത്രണം ഏർപ്പെടുത്തി. പുതിയ ഉപയോക്താക്കളെ നേടുകയാണ് ലക്ഷ്യം. നേരത്തെ യുഎസിൽ അവതരിപ്പിച്ച നിയന്ത്രണം ഇന്നലെ കമ്പനി ഇന്ത്യയിലും തുടങ്ങി. ഒന്നിലേറെ ഉപകരണങ്ങളിൽ ഉപയോഗിക്കാവുന്ന നെറ്റ്ഫ്ലിക്സ് അക്കൗണ്ട് പ്ലാനുകൾ ഇനി മുതൽ ഒരു സ്ഥലത്തു തന്നെയാണ് ഉപയോഗിക്കുന്നതെന്ന് നെറ്റ്ഫ്ലിക്സ് ഉറപ്പാക്കും.

അക്കൗണ്ട് ലോഗിൻ ചെയ്യുന്ന ലൊക്കേഷൻ പരിശോധിച്ചായിരിക്കും നടപടി. ഒരേ അക്കൗണ്ട് വിദൂരസ്ഥലങ്ങളിൽ നിന്ന് ലോഗിൻ ചെയ്താൽ ആദ്യം ഇമെയിൽ മുന്നറിയിപ്പു ലഭിക്കും. തുടർന്ന് ഇവർ പുതിയ അക്കൗണ്ട് എടുക്കാൻ നിർബന്ധിതരാകും. ചില രാജ്യങ്ങളിൽ അധികനിരക്ക് നൽകി കൂടുതൽ അംഗങ്ങളെ അക്കൗണ്ടിൽ ചേർക്കാനുള്ള ഓപ്ഷൻ അവതരിപ്പിച്ചെങ്കിലും കുറഞ്ഞ വരിസംഖ്യയുള്ള പ്ലാനുകൾ ലഭ്യമായ ഇന്ത്യയിൽ ആ ഓപ്ഷൻ ഉണ്ടാവില്ലെന്ന് കമ്പനി വ്യക്തമാക്കി.

# 800 പുതിയ ലീപ് എൻജിനുകൾ വാങ്ങാൻ എയർ ഇന്ത്യ



**ന്യൂഡൽഹി:** 800 പുതിയ ലീപ് (ലീഡിങ് എഡ്ജ് ഏവിയേഷൻ പ്രോപൽഷൻ) എൻജിനുകൾ വാങ്ങാൻ ടാറ്റയുടെ ഉടമസ്ഥതയിലുള്ള എയർ ഇന്ത്യ സിഎഫ്എം ഇന്റർനാഷനലുമായി കരാറിൽ ഏർപ്പെട്ടു. പുതിയതായി വാങ്ങുന്ന 400 വിമാനങ്ങളിലേക്കാണിത്. 210 എയർബേസ് എ320 /എ321 നിയോ വിമാനങ്ങളിലും 190 ബോയിങ് 737 മാക്സ് വിമാനങ്ങളിലേക്കുമാണ് ലീപ് എൻജിൻ എത്തുന്നത്.

എ320 നിയോ വിമാനങ്ങൾ പ്രവർത്തിപ്പിക്കാൻ തുടങ്ങിയ 2002 മുതൽ, എയർ ഇന്ത്യ സിഎഫ്എമ്മിന്റെ ഉപഭോക്താക്കളാണ്. 2017ൽ എയർ ഇന്ത്യയുടെ എ320 നിയോ വിമാനങ്ങളിലാണ് ഇന്ത്യയിൽ ആദ്യമായി ലീപ് 1എ എൻജീനുകൾ ഉപയോഗിക്കുന്നത്. നിലവിൽ ലീപ് 1എ എൻജിനുകളിൽ പ്രവർത്തിക്കുന്ന 27 എ320 നിയോ എയർക്രാഫ്റ്റുകളാണുള്ളത്.

സിഎഫ്എമ്മുമായുള്ള പുതിയ കരാർ വലിയ മുന്നേറ്റത്തിലേക്കു കമ്പനിയെ നയിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് എയർ ഇന്ത്യ സിഇഒ ക്യാംപ്ബെൽ വിൽസൻ അറിയിച്ചു.

# മമ്മൂട്ടി നടൻ, വിൻസി നടി, മഹേഷ് നാരായണൻ സംവിധായകൻ



**മമ്മൂട്ടി, കുഞ്ചാക്കോ ബോബൻ, വിൻസി അലോഷ്യസ്, അലൻസിയർ**

അൻപത്തിമൂന്നാമത് സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളിൽ മികച്ച നടനുള്ള പുരസ്കാരം മമ്മൂട്ടിക്ക്. വിൻസി അലോഷ്യസാണ് മികച്ച നടി. നൻപകൽ നേരത്ത് മയക്കം എന്ന ചിത്രത്തിനാണ് മമ്മൂട്ടിക്ക് പുരസ്കാരം. ഇത് ആറാം തവണയാണ് മികച്ച നടനുള്ള സംസ്ഥാന പുരസ്കാരം മമ്മൂട്ടി നേടുന്നത്. രേഖ എന്ന ചിത്രത്തിലെ പ്രകടനത്തിനാണ് വിൻസി മികച്ച നടിയായത്. ന്നാ താൻ കേസ് കൊട് ചിത്രത്തിലെ അഭിനയമികവിന് കുഞ്ചാക്കോ ബോബനും അപ്പൻ എന്ന ചിത്രത്തിലെ പ്രകടനത്തിന് അലൻസിയറും പ്രത്യേക ജൂറി പരാമർശം നേടി. നൻപകൽ നേരത്ത് മയക്കം ആണ് മികച്ച ചിത്രം. മഹേഷ് നാരായണൻ മികച്ച സംവിധായകനായി. ജനപ്രിയ ചിത്രം, മികച്ച തിരക്കഥാകൃത്ത് ഉൾപ്പടെ ഏഴു പുരസ്കാരവുമായി ന്നാ താൻ കേസ് കൊട് മികവു കാട്ടി. മികച്ച ജനപ്രിയ ചിത്രത്തിനുള്ള പുരസ്കാരവും ന്നാ താൻ കേസ് കൊട് നേടി. മികച്ച നവാഗത സംവിധായകൻ: ഷാഹി കബീർ ഷോബി പോൾ രാജ് ആണ് മികച്ച നൃത്തസംവിധായകൻ. എം.ജയചന്ദ്രനാണ് മികച്ച സംഗീതസംവിധായകൻ.

## ഇൻഫോസിസിന് ലാഭം 5,945 കോടി രൂപ

**ബെംഗളൂരു:** ഐടി സേവന ദാതാക്കളായ ഇൻഫോസിസിന് ജൂണിൽ അവസാനിച്ച പാദത്തിൽ 5,945 കോടി രൂപയുടെ ലാഭം; 11 ശതമാനമാണ് ലാഭ വർധന. മുൻ വർഷം ഈ പാദത്തിൽ ലാഭം 5,362 ആണ്. വരുമാനം 10 ശതമാനം ഉയർന്ന് 37,933 കോടി രൂപ. അതേസമയം കമ്പനിയുടെ ഈ സാമ്പത്തിക വർഷത്തെ വളർച്ചാ അനുമാനം 1.3.5 ശതമാനമായി കുറയ്ക്കുകയും ചെയ്തു.

## സിഎസ്ബി ബാങ്കിന് 132.23 കോടി രൂപ അറ്റാദായം

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ ത്രൈമാസത്തിൽ സിഎസ്ബി ബാങ്ക് 15.7 ശതമാനം വളർച്ചയോടെ 132.23 കോടി രൂപയുടെ അറ്റാദായം നേടി. വരുമാനം മുൻ വർഷത്തെ 591 കോടിയിൽനിന്ന് 805 കോടി രൂപയായും ഉയർന്നു.



# പരിഹാരമില്ലാതെ തിരുവനന്തപുരം മെഡിക്കൽ കോളജ് പാർക്കിങ്

**തിരുവനന്തപുരം:** ദിനംപ്രതി തിരക്ക് ഉയരുന്ന മെഡിക്കൽ കോളജ് ആശുപത്രിയിലെ പാർക്കിങ് പ്രശ്നത്തിന് എന്ന് ശാശ്വത പരിഹാരം ഉണ്ടാകുമെന്നതിൽ അവ്യക്തമായി തുടരുന്നു. സർക്കാരിന്റെയും തദ്ദേശ സ്വയഭരണ സംവിധാനങ്ങളുടെയും ഇടപെടലിൽ മാത്രമേ പൂർണ പരിഹാരമുണ്ടാകുവെന്ന് അധികൃതർ പറയുന്നു. മെഡിക്കൽ കോളജ് ആശുപത്രിയിൽ ദിവസേന എത്തുന്നവരുടെ എണ്ണം രോഗികളും ജീവനക്കാരും ഉൾപ്പെടെ 15000 വരും. ഇവരിൽ ഭൂരിപക്ഷവും എത്തുന്നത് വാഹനത്തിലാണ്.

ഇവരെ കൂടാതെ ആംബുലൻസുകൾ, ജീവനക്കാരുടെ വാഹനങ്ങൾ, ഇതിനുള്ളിലെ ലാബുകളിലെ ജീവനക്കാരുടെ വാഹനം തുടങ്ങിയവയ്ക്കും പാർക്ക് ചെയ്യണം. നിലവിലെ സ്ഥിതിയിൽ 1000 ബൈക്കുകൾക്ക് പോലും പാർക്ക് ചെയ്യാൻ സാധിക്കാത്ത സ്ഥിതിയാണ്. വൻകിട സ്വകാര്യ ആശുപത്രികളുടെ മാതൃകയിൽ പാർക്കിങ്ങിനായി മാത്രം പ്രത്യേക സ്ഥലം ഏറ്റെടുത്താൽ മാത്രമേ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കാൻ സാധിക്കൂവെന്ന് ജീവനക്കാരും ചികിത്സ തേടി എത്തുന്നവരും പറയുന്നു.



മെഡിക്കൽ കോളജ് ആശുപത്രിയിൽ ദിവസേന ഒപിയിൽ മാത്രം എത്തുന്ന രോഗികളുടെ ഏകദേശ കണക്ക് അയ്യായിരത്തിനു അടുത്ത് വരും. ഇപ്പോൾ വാഹന പാർക്കിങ് ആർസിസിയും മെഡിക്കൽ കോളജും കടന്ന് പിന്നിലെ സ്വകാര്യ സ്ഥലങ്ങളിലേക്ക് വരെ നീളുന്നു.

ഓരോ വിഭാഗത്തിനു സമീപത്തും അവിടെയുള്ള ജീവനക്കാർ പാർക്കിങ് സ്ഥലം കൈയടക്കി വയ്ക്കുന്ന സ്ഥിതിയുണ്ട്. ഇത്തരം ഇടങ്ങളിൽ ആശുപത്രിയിൽ ആദ്യമായി എത്തുന്നവർ വാഹനം പാർക്ക് ചെയ്താൽ സെക്യൂരിറ്റിക്കാർ ഓടി എത്തി ആട്ടി പായിക്കും.

പാർക്കിങ് സൗകര്യമില്ലെന്നു പറയുമ്പോഴും ജീവനക്കാർക്ക് താൽപര്യമുള്ളവരോ അവരുടെ ബന്ധുക്കളോ എത്തിയാൽ പാർക്കിങ് സൗകര്യം ഒരുക്കി നൽകാറുണ്ടെന്നു ആക്ഷേപമുണ്ട്. ആശുപത്രി വികസന സമിതി, കോർപറേഷൻ, സർക്കാർ സംവിധാനങ്ങൾ സഹകരിച്ച് പാർക്കിങ്ങിനായി സ്ഥലം കണ്ടെത്തണമെന്നാണ് രോഗികളും കൂട്ടിരിപ്പുകാരും നൽകുന്ന നിർദേശം. ആശുപത്രിക്ക് തൊട്ടടുത്തായി തന്നെ കോർപറേഷന്റേയോ, സർക്കാരിന്റേയോ ഒഴിഞ്ഞു കിടക്കുന്ന ഭൂമി ഇതിനായി ഉപയോഗിക്കണമെന്നാണ് ചികിത്സ തേടി എത്തുന്നവരുടെ പക്ഷം.

## എൻജിനീയറിങ് കേന്ദ്രീകൃത അലോട്മെന്റ്

**തിരുവനന്തപുരം:** സംസ്ഥാനത്തെ എൻജിനീയറിങ് കോഴ്സുകളിലേക്ക് 2023 24 അധ്യയന വർഷത്തെ കേന്ദ്രീകൃത ഓൺലൈൻ അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/സർക്കാർ കോസ്റ്റ് ഷെയറിങ്/സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് കോളജുകളിലെ വിവിധ എൻജിനീയറിങ് കോഴ്സുകളിലേക്ക് വിദ്യാർഥികൾക്ക് ഓപ്ഷനുകൾ സമർപ്പിക്കാവുന്നതിനുള്ള സൗകര്യം ℴww.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ പിന്നീട് പ്രസിദ്ധീകരിക്കും.

## എൻ.ആർ.ഐ അപേക്ഷകർ സത്യവാങ്മൂലം നൽകണം

2023 വർഷം എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ എൻ.ആർ.ഐ ക്വാട്ട പ്രവേശനത്തിനായി കീം മുഖേന അപേക്ഷ നൽകിയ വിദ്യാർഥികളിൽ അപേക്ഷയോടൊപ്പം സ്പോൺസറിൽ നിന്നുള്ള കാലാവധി കഴിഞ്ഞ/കാലാവധി ഉടൻ കഴിയാറായ വിസ സമർപ്പിച്ചിട്ടുള്ളവർക്ക് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. അതിനാൽ നിലവിൽ കാലാവധി കഴിഞ്ഞ വിസ ഓൺലൈൻ അപേക്ഷയൊടൊപ്പം സമർപ്പിച്ച വിദ്യാർഥികൾ സ്പോൺസറിൽ നിന്നുള്ള സത്യവാങ്മൂലം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ 'Keam-2023 Candidate Portal' മുഖേന ജൂലൈ 23 വൈകുന്നേരം നാലിനകം അപ്‌ലോഡ് ചെയ്യണം. സത്യവാങ്മൂലം വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

---

## അക്ഷയ കേന്ദ്രങ്ങളിലെ സേവന നിരക്ക് സർക്കാർ നിശ്ചയിച്ച തുക മാത്രം

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ അംഗീകൃത പൊതു ജന സേവന കേന്ദ്രങ്ങളായ അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾക്കു സർക്കാർ നിശ്ചയിച്ചിട്ടുള്ള സേവന നിരക്ക് മാത്രമേ നൽകേണ്ടതുള്ളു എന്ന് സംസ്ഥാന അക്ഷയ ഡയറക്ടർ അനു കുമാരി അറിയിച്ചു.

സർക്കാർ അംഗീകരിച്ച സേവനനിരക്ക് പൊതുജനങ്ങൾക്ക് കാണത്തക്കവിധം എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കുന്നതിനും നൽകുന്ന സേവനങ്ങളുടെ നിരക്ക് സംബന്ധിച്ച് രസീത് എല്ലാ ഉപഭോക്താക്കൾക്കും നിർബന്ധമായും നൽകുന്നതിനും അക്ഷയ കേന്ദ്രങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങളെ സംബന്ധിച്ച പരാതികൾ അതത് ജില്ലകളിലെ അക്ഷയ ജില്ലാ ഓഫീസിലോ സംസ്ഥാന ഓഫീസിലോ നൽകാം. സേവനങ്ങൾക്കു അമിതനിരക്കു ഈടാക്കുക രസീത് നൽകാതിരിക്കുക, മോശം പെരുമാറ്റം ഉണ്ടാവുക എന്നീ സന്ദർഭങ്ങളിൽ വിവരം 155300 (0471), 0471 2525444 എന്നീ നമ്പറുകളിൽ വിളിച്ചറിയിക്കുകയോ മെയിൽ അയക്കുകയോ ചെയ്യാം.

# പ്രവർത്തനം ആരംഭിക്കാതെ ആശ്രാമത്തെ ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം

**കൊല്ലം** :നിർമാണം പൂർത്തിയായി ഉദ്ഘാടനം കഴിഞ്ഞു 2 മാസം പിന്നിട്ടെങ്കിലും പ്രവർത്തനം ആരംഭിക്കാതെ ആശ്രാമത്തെ ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം. സാംസ്കാരിക മേഖലയിലെ പുതുമാറ്റങ്ങൾക്കൊപ്പം സഞ്ചരിക്കാനും കലാകാരൻമാരുടെ കേന്ദ്രമാക്കാനും ലക്ഷ്യമിട്ടാണു സമുച്ചയം നിർമിച്ചത്. എന്നാൽ കേന്ദ്രത്തിന്റെ പ്രവർത്തന രൂപവും കമ്മിറ്റികളുടെ രൂപീകരണവും തീരുമാനമാകാത്തതിനാലാണു പ്രവർത്തനം ആരംഭിക്കാൻ വൈകുന്നത്.

സാംസ്കാരിക സമുച്ചയത്തിന്റെ പ്രവർത്തനം നിയന്ത്രിക്കാനും നിരീക്ഷിക്കാനുമായി ഒരു ഗവേണിങ് ബോർഡാണ് ഉണ്ടാകുക. എന്നാൽ ഇവർക്കു മുകളിലായി 5 പേരടങ്ങുന്ന ഒരു കമ്മിറ്റിയെ നിയമിക്കാനാണു പുതിയ തീരുമാനം. സാംസ്കാരിക മേഖലയുമായി ബന്ധമുള്ളവരും ഇതുപോലെയുള്ള സംരംഭങ്ങൾ നടത്തി പരിചയമുള്ളവരുമായ വ്യക്തികളെയാണ് ഈ കമ്മിറ്റിയിലേക്കു പരിഗണിക്കുന്നത്. ഈ കമ്മിറ്റിയുടെ രൂപീകരണം വൈകുന്നതാണു പ്രവർത്തനം തുടങ്ങാത്തതിനും കാരണം. ഉദ്യോഗസ്ഥ, രാഷ്ട്രീയ മേഖലയിലെ ആളുകൾ ഉൾക്കൊള്ളുന്ന ഗവേണിങ് കമ്മിറ്റിയേക്കാൾ സാംസ്കാരിക സമുച്ചയത്തെ മുന്നോട്ടു കൊണ്ടുപോകാൻ ഇത്തരം ആളുകൾക്കാണ് കഴിയുക എന്ന വിലയിരുത്തലിലാണു പുതിയ കമ്മിറ്റി ഉണ്ടാക്കുന്നത്.



അതേസമയം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം നിർവഹണ ചുമതലയുള്ള ചലച്ചിത്ര വികസന കോർപറേഷന് ഇപ്പോഴും കരാറുകാർ കൈമാറിയിട്ടില്ല. ഫയർ എൻഒസി അടക്കമുള്ള രേഖകൾ തയാറാക്കുന്നതിലെ കാലതാമസം കാരണം കോർപറേഷൻ അനുമതി ലഭിക്കാത്തതിനാലാണു കരാറുകാർ കെട്ടിടം കൈമാറാത്തത്. രണ്ടാഴ്ചയ്ക്കകം മുഴുവൻ രേഖകൾ കൈമാറുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം കഴിഞ്ഞ മേയ് 4ന് ആണ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തത്. ചിത്രപ്രദർശനവും ചലച്ചിത്ര ക്യാംപുമടക്കമുള്ള ചുരുക്കം പരിപാടികൾ മാത്രമാണ് ഇതുവരെ പ്രധാനമായും സംഘടിപ്പിച്ചത്. പരിപാടികൾ ബുക്ക് ചെയ്യാനും മറ്റുമായി ഒട്ടേറെ പേർ സമുച്ചയവുമായി ബന്ധപ്പെടുന്നുണ്ടെങ്കിലും പ്രവർത്തനം തുടങ്ങാത്തതിനാൽ ഒഴിവാക്കുകയാണ്.

ആശ്രാമം ഗെസ്റ്റ് ഹൗസ് മൈതാനത്തു 3.82 ഏക്കർ സ്ഥലത്ത് 91000 ചതുരശ്രയടി വിസ്തീർണത്തിലാണു കേരളീയ വാസ്തു ശിൽപ മാതൃകയിൽ സാംസ്കാരിക സമുച്ചയം പണിതത്. 56 കോടി രൂപ ചെലവഴിച്ചു. എൻട്രൻസ് പ്ലാസ, എക്സിബിഷൻ ബ്ലോക്ക്, പെർഫോമൻസ് ബ്ലോക്ക്, ഓപ്പൺ എയർ തിയറ്റർ എന്നിങ്ങനെ 4 ഭാഗങ്ങൾ ഉൾപ്പെടുന്ന സമുച്ചയം എം.മുകേഷ് എംഎൽഎയുടെ സ്വപ്ന പദ്ധതിയായിരുന്നു. കോടികൾ മുടക്കി നഗരകേന്ദ്രത്തിൽ നിർമിച്ച മനോഹരമായ സമുച്ചയത്തിന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കണമെന്നാണു സാംസ്കാരിക പ്രവർത്തകരുടെ ആവശ്യം.



## ഡോ. എം. ലീലാവതിക്ക് സംസ്ഥാന സർക്കാരിന്റെ കൈരളി ഗവേഷണ പുരസ്കാരം സമർപ്പിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരിൻറെ കൈരളി ഗവേഷണ പുരസ്കാരം 2021 ഡോ. എം ലീലാവതിക്ക് സമർപ്പിച്ചു. മന്ത്രി ആർ. ബിന്ദു തൃക്കാക്കരയിലുള്ള വസതിയിലെത്തിയാണ് പുരസ്കാരം നൽകിയത്. മാനവിക വിഷയ മേഖലയിലെ സമഗ്ര സംഭാവനയ്ക്കുള്ള 2021ലെ കൈരളി ലൈഫ് ടൈം അച്ചീവ്മെൻറ് പുരസ്കാരമാണ് ഡോ. എം.ലീലാവതിക്ക് സമർപ്പിച്ചത്. രണ്ടര ലക്ഷം രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്ക്കാരം. ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസും മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു.

കേരളീയ സാംസ്കാരിക മണ്ഡലത്തിൽ ഏറ്റവും ജ്വലിക്കുന്ന ജീവിതമാണ് ഡോ. എം. ലീലാവതിയുടേതെന്ന് പുരസ്കാരം നൽകിക്കൊണ്ട് മന്ത്രി പറഞ്ഞു. നവ സാമൂഹിക പ്രസ്ഥാനങ്ങളും സാഹിത്യപ്രസ്ഥാനങ്ങളും പുതിയ നോവൽ പഠനങ്ങളുമെല്ലാം തൂലികയ്ക്ക് വിഷയമാവുന്നുണ്ട്. നിരവധി പുസ്തകങ്ങളാണ് വിവിധ വിഷയങ്ങൾ ഉൾക്കൊള്ളിച്ച് എഴുതിയിട്ടുള്ളത്. നമ്മുടെ ഭൗതിക മണ്ഡലത്തിൽ സമാനതകളില്ലാത്ത എഴുത്തുകാരിയാണ് ലീലാവതിയെന്നും മന്ത്രി പറഞ്ഞു.

രാജ്യത്തിനകത്തും പുറത്തുമുള്ള കേരളീയരായ അക്കാദമിക് ഗവേഷക പ്രഗത്ഭരെ ആദരിക്കുന്നതിനും നൂതനവും വ്യത്യസ്തവുമായ ഗവേഷണ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് കേരള സർക്കാർ കൈരളി ഗവേഷണ പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ബയോളജിക്കൽ വിഭാഗം മേധാവി ഡോ. പി. ബൽറാം ചെയർമാനായുള്ള തിരഞ്ഞെടുപ്പ് സമിതിയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ തന്നെ കെമിക്കൽ സയൻസ് പ്രൊഫസറും തിരുവനന്തപുരം ഐസർ സ്ഥാപക ഡയറക്ടറുമായ ഡോ. ഇ.ഡി. ജെമ്മിസ്സ്, പ്രശസ്ത സാഹിത്യകാരൻ സച്ചിദാനന്ദൻ, പ്രസിദ്ധ സാമ്പത്തിക വിദഗ്ധനും ഡൽഹി ജെ.എൻ.യു പ്രൊഫസറുമായിരുന്ന പ്രൊഫ. പ്രഭാത് പട്നായിക് എന്നിവരായിരുന്നു അംഗങ്ങൾ.

## ഭിന്നശേഷി വിദ്യാർത്ഥികളെയും നവ വൈഞ്ജാനിക സമൂഹത്തിന്റെ ഭാഗമാക്കും

**കൊച്ചി:** ഭിന്നശേഷി വിദ്യാർത്ഥികളെയും നവ വൈഞ്ജാനിക സമൂഹത്തിന്റെ ഭാഗമാക്കുമെന്ന് മന്ത്രി.ആർ. ബിന്ദു പറഞ്ഞു. ആലുവ കീഴ്മാട് സ്കൂൾ ഫോർ ദി ബ്ലൈൻഡിന് കീഴിൽ പ്രവർത്തിക്കുന്ന നവീകരിച്ച എംപ്ലോയിബിലിറ്റി ട്രെയിനിംങ് സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അവർ.

കേരളത്തെ നവ വൈഞ്ജാനിക സമൂഹമാക്കാനുള്ള ശ്രമത്തിലാണ് സർക്കാർ. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെയും അതിൽ പ്രത്യേകമായി പരിഗണിക്കും. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഭിന്നശേഷിക്കാരെയും കൈപിടിച്ചുയർത്തുകയാണ് സർക്കാർ ലക്ഷ്യം. ഭിന്നശേഷി സമൂഹത്തിന് വേണ്ടി സർക്കാർ നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാകുന്നത്. കാഴ്ച പരിമിതർക്കായും പദ്ധതികളുണ്ട്. സുനീതി പോർട്ടൽ സന്ദർശിച്ചാൽ ഈ പദ്ധതികൾ സംബന്ധിച്ച സമ്പൂർണ്ണ വിവരങ്ങൾ ലഭിക്കും. ഇത്തരം സേവനങ്ങളും സഹായങ്ങളും പരമാവധി പ്രയോജനപ്പെടുത്തണം. വിദ്യാഭ്യാസത്തിനൊപ്പം തൊഴിലിലും പരിശീലനം ആവശ്യമാണ്. നൈപുണ്യ പരിശീലനത്തിനായി അസാപ് വഴി നിരവധി കോഴ്സുകളാണ് നടത്തി വരുന്നത്. കാഴ്ച പരിമിതർക്ക് ഉതകുന്ന കോഴ്സുകൾ കണ്ടെത്തി കുട്ടികൾക്ക് പരിശീലനം നൽകാൻ അധികൃതർ ശ്രമിക്കണമെന്നും ഇത്തരം കുട്ടികൾക്ക് കോഴ്സ് ഫീസ് സൗജന്യമാക്കുന്നത് ആലോചിക്കാം എന്നും മന്ത്രി പറഞ്ഞു.

അനുനിമിഷം വളർന്നുകൊണ്ടിരിക്കുന്ന ലോകത്താണ് നമ്മൾ ജീവിക്കുന്നത്. അതുകൊണ്ട് തന്നെ പരമ്പരാഗത രീതികളിൽ നിന്ന് മാറ്റം അനിവാര്യമാണ്. അത്തരത്തിൽ മാറ്റമുൾക്കൊണ്ട് പ്രവർത്തിക്കുന്ന കേരള ബ്ലൈൻഡ് സോസൈറ്റിയുടെയും സ്കൂൾ ഫോർ ദി ബ്ലൈൻഡിന്റെയും പ്രവർത്തനം എല്ലാ തരത്തിലും മാതൃകാപരമാണെന്നും മന്ത്രി പറഞ്ഞു.

കൊച്ചിൻ ഷിപ്പ് യാർഡിന്റെ സാമൂഹ്യ പ്രതിബദ്ധത ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ ഉപയോഗിച്ചാണ് ഭിന്നശേഷിക്കാർക്കായുള്ള എംപ്ലോയിബിലിറ്റി ട്രെയിനിംങ് സെന്റർ നവീകരിച്ചിരിക്കുന്നത്. കാഴ്ച പരിമിതരായവരുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനും വേണ്ടി പ്രവർത്തിക്കുന്ന കേരള ബ്ലൈൻഡ് സ്കൂൾ സൊസൈറ്റിയുടെ നേതൃത്വത്തിലാണ് സ്കൂൾ ഫോർ ദി ബ്ലൈൻഡ് പ്രവർത്തിക്കുന്നത്. കേരള ബ്ലൈൻഡ് സ്കൂൾ സൊസൈറ്റി പ്രസിഡന്റ് അഡ്വ. ജോയ് മാത്യു അധ്യക്ഷത വഹിച്ചു. കൊച്ചിൻ ഷിപ്പ് യാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ പി. എൻ സമ്പത്ത് കുമാർ മുഖ്യാതിഥിയായി. കേരള ബ്ലൈൻഡ് സ്കൂൾ സൊസൈറ്റി സെക്രട്ടറി പി. തോമസ് മാത്യു,വർക്കിങ് കമ്മിറ്റി ചെയർമാൻ വർഗീസ് അലക്സാണ്ടർ, ട്രഷറർ ടി.ജെ ജോൺ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# അമൃത് ഭാരത്: റെയിൽവേ സ്റ്റേഷനുകളിലെ അനാവശ്യ കെട്ടിടങ്ങൾ പൊളിക്കും



**പാലക്കാട്:** റെയിൽവേ സ്റ്റേഷനുകളുടെ അടിസ്ഥാന വികസനത്തിനുള്ള അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെട്ട സ്റ്റേഷനുകളിലെ പ്രധാന കെട്ടിടമെ!ാഴികെ കാര്യമായി ഉപയേ!ാഗമില്ലാത്ത നിർമാണങ്ങൾ പെ!ാളിച്ചുമാറ്റും. പാർക്കിങ്, ശുദ്ധജലം, വിശ്രമസ്ഥലം, യാത്രക്കാർക്കുള്ള അത്യാവശ്യ വസ്തുക്കൾ ലഭ്യമാക്കുന്ന സംവിധാനങ്ങൾ എന്നിവ ഇവിടെ ഒരുക്കും. റെയിൽവേയുടെ മുഖമായ സ്റ്റേഷനുകളുടെ വികസനത്തിൽ 10 വർഷമായി കാര്യമായ നിക്ഷേപങ്ങളെ!ാന്നും ഉണ്ടായിട്ടില്ലെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് അമൃത് ഭാരത് പദ്ധതി ആവിഷ്കരിച്ചത്. ഭാവിയിൽ യാത്രക്കാരുടെ എണ്ണം വർധിക്കാൻ സാധ്യതയുള്ള സ്റ്റേഷനുകളാണ് ഇതിലുള്ളത്.

സ്റ്റേഷനിലെ കെട്ടിടങ്ങളുടെ ഘടനയിൽ മാറ്റം വരുത്തുന്നില്ല. എന്നാൽ, അവയുടെ മുഖം മിനുക്കി മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തും. ഇതിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചു. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി റെയിൽവേ യാത്രക്കാർക്കിടയിൽ അഭിപ്രായം തേടിയിരുന്നു. 90% പേരും നിർദേശിച്ച വൃത്തിയും എല്ലായ്പ്പേ!ാഴും വെള്ളം ലഭിക്കുന്ന ശുചിമുറികൾ, എല്ലാ പ്ലാറ്റ്ഫേ!ാമിലേക്കും വേഗത്തിലെത്താൻ ലിഫ്റ്റുകൾ, ട്രെയിനുകളുടെ ജനറൽ കംപാർട്മെന്റുകൾ നിൽക്കുന്ന സ്ഥലത്തും സ്റ്റേഷനു മേൽക്കൂര, പാർക്കിങ് സ്ഥലം, ട്രെയിനുകളുടെ കേ!ാച്ചുകൾ പ്ലാറ്റ്ഫേ!ാമിൽ എവിടെ നിൽക്കുമെന്നു വ്യക്തമാക്കുന്ന സൂചകങ്ങൾ എന്നിവയും രൂപരേഖയിൽ ഉൾപ്പെടുത്തി.

ഒരു സ്റ്റേഷൻ ഒരു ഉൽപന്നംപദ്ധതിക്ക് രണ്ടു സ്റ്റാളുകൾ വേണമെന്നാണു മറ്റൊരു നിർദേശം.സ്റ്റേഷനുകളുടെ വലുപ്പമനുസരിച്ച് 5 മുതൽ 80 കേ!ാടി രൂപ വരെ ചെലവഴിക്കുമെന്നാണ് അറിയിപ്പ്.

കേരളത്തിൽ പാലക്കാട് ഡിവിഷനിൽ 16, തിരുവനന്തപുരം ഡിവിഷനിൽ 15 സ്റ്റേഷനുകൾ അമൃത് ഭാരതിലുണ്ട്. തിരുവനന്തപുരം, എറണാകുളം, കേ!ാഴിക്കേ!ാട്, മംഗളൂരു തുടങ്ങിയ പ്രധാന സ്റ്റേഷനുകൾക്കുള്ള പ്രത്യേക പദ്ധതി നേരത്തേ നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്.

ഭാവിയിൽ റൂഫ് പ്ലാസയ്ക്കുള്ള സൗകര്യത്തോടെയാണ് അമൃത് ഭാരതിൽ സ്റ്റേഷൻ നവീകരണം. നിലവിൽ സ്റ്റേഷനു താഴെയുള്ള ഷോപ്പുകൾ, ടിക്കറ്റ് കൗണ്ടറുകൾ, അനുബന്ധ സംവിധാനങ്ങൾ എന്നിവ സ്റ്റേഷനുമുകളിൽ പ്രവർത്തിക്കുന്ന രീതിയാണിത്. യാത്രക്കാരുടെ വിശ്രമസ്ഥലവും ഇവിടെ നിന്നു നേരിട്ട് പ്ലാറ്റ്ഫോമുകളിൽ എത്താനുള്ള സംവിധാനവും ഏർപ്പെടുത്തും. തദ്ദേശ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, യാത്രക്കാർ എന്നിവരുടെ നിർദേശങ്ങൾ വികസനത്തിനു സ്വീകരിക്കാനും ഡിവിഷനുകൾക്ക് നിർദേശമുണ്ട്.



# വെളിയന്നൂരിലെ നെയ്ത്ത് കേന്ദ്രം അടച്ചുപൂട്ടി; ബാംബൂ കോർപറേഷൻ പ്രതിസന്ധിയിൽ

**വെള്ളനാട്:** പഞ്ചായത്തിലെ വെളിയന്നൂരിലെ ബാംബൂ കോർപറേഷന്റെ നെയ്ത്ത് കേന്ദ്രം അടച്ചുപൂട്ടി. മാസങ്ങൾ പിന്നിട്ടിട്ടും തുറക്കാൻ നടപടിയില്ല. വെളിയന്നൂർ കുറുങ്കല്ലൂരിലെ ഡിപ്പോയുടെ പ്രവർത്തനവും നിലച്ച മട്ടാണ്. നെയ്ത്ത് കേന്ദ്രത്തിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾ ഡിപ്പോയിൽ നിന്ന് ഈറ്റ വാങ്ങി വീടുകൾ കണ്ടെടുപോയി പരമ്പുകൾ ഉൾപ്പെടെ നെയ്ത് തിരികെ ഡിപ്പോയിൽ എത്തിക്കുമായിരുന്നു.

എന്നാൽ ഈറ്റ ക്ഷാമവും കെട്ടിടത്തിന് വാടക നൽകാത്തതും കാരണം ഡിപ്പോയുടെ പ്രവർത്തനം തടസ്സപ്പെട്ടു. വെളിയന്നൂരിലെ നെയ്ത്തു കേന്ദ്രം വാടക കെട്ടിടത്തിലാണു പ്രവർത്തിച്ചിരുന്നത്. ആ കെട്ടിടം ഉടമ വിറ്റതോടെ ആണ് പ്രവർത്തനം അവസാനിപ്പിച്ചത്.

ബാംബൂ കോർപറേഷന്റെ നെയ്ത്ത് കേന്ദ്രവും ഡിപ്പോയും പ്രവർത്തിക്കാൻ വെള്ളനാട് പഞ്ചായത്ത് നിർമിച്ചു നൽകിയ കെട്ടിടം പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. കേന്ദ്ര പദ്ധതിയായ ശ്യാമപ്രസാദ് മുഖർജി നാഷനൽ റർബൺ മിഷൻ ഫണ്ടിലെ 50 ലക്ഷം രൂപ വിനിയോഗിച്ചാണ് പഞ്ചായത്ത് കെട്ടിടം നിർമിച്ചു നൽകിയത്.

അവിടെ നെയ്ത്ത് കേന്ദ്രം പ്രവർത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ കുറവാണെന്നാണു പറയുന്നത്. സൗകര്യങ്ങൾ ഒരുക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുകാരണം ബാംബൂ കോർപറേഷന് കഴിയുന്നില്ല.

നെയ്ത്ത് കേന്ദ്രത്തിലെ യന്ത്രങ്ങൾ ഉൾപ്പെടെയുള്ളവ ഡിപ്പോയിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത് തുരുമ്പെടുത്ത് നശിക്കാനുള്ള സാധ്യതയുണ്ട്. ബാംബൂ കോർപറേഷൻ ജീവനക്കാർക്ക് ശമ്പളം ലഭിച്ചിട്ട് 9 മാസമായി.

ഏപ്രിൽ മുതൽ ഈറ്റത്തൊഴിലാളികൾക്കും കൂലി ലഭിക്കാനുണ്ട്. ജിഎസ്ടി മുടങ്ങിയതാണ് ബാംബൂ കോർപറേഷന്റെ പ്രതിസന്ധിക്ക് കാരണമെന്ന് ജീവനക്കാർ പറയുന്നു.

# ആനയിറങ്കൽ ജലാശയത്തിലെ ബോട്ടിങ് നിർത്തി

**രാജകുമാരി:** അരിക്കൊമ്പൻ വിഷയത്തിൽ ഹൈക്കോടതി നിയോഗിച്ച വിദഗ്ധസമിതിയുടെ ശുപാർശ പ്രകാരം ആനയിറങ്കൽ ജലാശയത്തിലെ ബോട്ടിങ് താൽക്കാലികമായി അവസാനിപ്പിച്ചതിൽ പ്രതിഷേധം കനക്കുന്നു. 7 പതിറ്റാണ്ടിലധികമായി ജനവാസമുള്ള ആനയിറങ്കൽ മേഖലയെ വനമാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണു വനംവകുപ്പ് ഉദ്യോഗസ്ഥരുൾപ്പെടുന്ന വിദഗ്ധസമിതിയുടെ ശുപാർശയെന്നാണു നാട്ടുകാരുടെ പരാതി.

ആനയിറങ്കൽ ജലാശയത്തിലെ ബോട്ടിങ് കാട്ടാനകൾക്കു ശല്യമാകുന്നു എന്നായിരുന്നു വിദഗ്ധ സമിതിയുടെ കണ്ടെത്തൽ. എന്നാൽ ഇടുക്കി, തേക്കടി ജലാശയങ്ങൾക്കു ചുറ്റും കാട്ടാനകളുണ്ടെങ്കിലും അവിടെ ബോട്ടിങ് നടത്താൻ വനംവകുപ്പിന് എതിർപ്പില്ല എന്നിരിക്കെ ആനയിറങ്കലിലെ ബോട്ടിങ് നിർത്തിവയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്നു നാട്ടുകാർക്കു മനസ്സിലാകുന്നില്ല. ഈ കേസിൽ കക്ഷി ചേർന്നു ഹൈക്കോടതിയെ യാഥാർഥ്യം ബോധ്യപ്പെടുത്തുമെന്നു ശാന്തൻപാറ പഞ്ചായത്ത് പ്രസിഡന്റ് ലിജു വർഗീസ് പറഞ്ഞു.



2019 ജൂലൈയിൽ ആനയിറങ്കൽ ജലാശയവും ചുറ്റുമുള്ള പ്രദേശങ്ങളും ഉൾപ്പെടുത്തി ഒരു ദേശീയോദ്യാനം സ്ഥാപിക്കുന്നതിനു വനം വകുപ്പ് സർക്കാരിനു നിർദേശം സമർപ്പിച്ചിരുന്നു. 28 മുതൽ 32 വരെ കാട്ടാനകളുള്ള മേഖലയിൽ മനുഷ്യ-കാട്ടാന സംഘർഷം വ്യാപകമാണെന്നും ഇതു പരിഹരിക്കാൻ 1252 ഹെക്ടർ സ്ഥലത്തു പുതിയ ദേശീയോദ്യാനം കൊണ്ടുവരണമെന്നുമായിരുന്നു വനംവകുപ്പിന്റെ നിർദേശം.2003ൽ 5 സെറ്റിൽമെന്റുകളിലായി 559 കുടുംബങ്ങൾക്കു നൽകിയ 276 ഹെക്ടർ ഭൂമിയും എച്ച്എൻഎലിനു നൽകിയ 365 ഹെക്ടർ ഭൂമിയും ഉൾപ്പെടെയാണ് 1252 ഹെക്ടർ ഭൂമി ദേശീയോദ്യാനത്തിനായി വനംവകുപ്പ് കണ്ടെത്തിയത്. കുടിയിറക്കപ്പെടുന്നവരുടെ പുനരധിവാസത്തിനുൾപ്പെടെ 13 കോടി 80 ലക്ഷം രൂപ ചെലവു വരുമെന്നും റിപ്പോർട്ടിലുണ്ട്. ആനയിറങ്കലിലെ സ്പീഡ് ബോട്ട് സർവീസ് കാട്ടാനകളെ മാനസിക പിരിമുറുക്കത്തിലാക്കുന്നതായും വനംവകുപ്പ് സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ ഉണ്ടായിരുന്നു. ആനയിറങ്കലിൽ പുതിയ ദേശീയോദ്യാനമെന്ന ആവശ്യം സർക്കാർ തള്ളിയെങ്കിലും വനംവകുപ്പ് ഈ പദ്ധതി ഉപേക്ഷിച്ചിട്ടില്ലെന്നാണു വിവരം.

വനംവകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട വിദഗ്ധ സമിതി ആനയിറങ്കലിലെ ബോട്ടിങ് നിർത്താൻ ശുപാർശ നൽകിയതും ജലാശയത്തിന്റെ കരയിലൂടെയുണ്ടായിരുന്ന ഒരു റോഡിൽ കിടങ്ങുണ്ടാക്കി കാൽനടയാത്രയുൾപ്പെടെ തടസ്സപ്പെടുത്തിയതും ആനയിറങ്കൽ മേഖലയെ സംരക്ഷിതവനമാക്കാനുള്ള നടപടികളുടെ ഭാഗമാണെന്നു നാട്ടുകാർ സംശയിക്കുന്നു.

# ക്ലീൻ പോത്തൻകോട് ഗ്രീൻ പോത്തൻകോട് പദ്ധതിക്കു തുടക്കം

**പോത്തൻകോട് :** ക്ലീൻ പോത്തൻകോട് ഗ്രീൻ പോത്തൻകോട് പദ്ധതി നവകേരളം കർമപദ്ധതി സംസ്ഥാന കോഓർഡിനേറ്റർ ഡോ. ടി.എൻ സീമ ഉദ്ഘാടനം ചെയ്തു വെള്ളാണിക്കൽപ്പാറയിൽ ബോട്ടിൽ ബിൻ ഉദ്ഘാടനവും ഡോ.ടി.എൻ സീമ നിർവഹിച്ചു. ചടങ്ങിൽ മണലകം ഗവ.എൽപി സ്കൂളിലെ 5ാം ക്ലാസ് വിദ്യാർഥിനികളായ ശിഖ വിഷ്ണു, പി.ആർ ശ്രേയ, എസ്.ബി വൈഗ എന്നിവർ മാലിന്യം വലിച്ചെറിയരുതേ എന്ന സ്കിറ്റും അവതരിപ്പിച്ചു.

പഞ്ചായത്ത് പ്രസിഡന്റ് ടി.ആർ അനിൽകുമാർ അധ്യക്ഷനായിരുന്നു. ജില്ലാ പഞ്ചായത്തംഗങ്ങളായ കെ. വേണുഗോപാലൻ നായർ, ഉനൈസാ അൻസാരി, നവകേരളം പദ്ധതി ജില്ലാ കോഓർഡിനേറ്റർ സി.അശോകൻ, റിസോഴ്സ് പഴ്സൻ എ.അഞ്ചു, ബ്ലോക്കംഗങ്ങളായ ആർ. അനിൽകുമാർ, മലയിൽകോണം സുനിൽ, പഞ്ചായത്ത് വൈസ്പ്രസിഡന്റ് പി.അനിതകുമാരി, സെക്രട്ടറി സലിൽ എ. സോണി, അംഗങ്ങളായ അഭിൻദാസ്, എസ്.ശശികല, ഷാഹിദാബീവി, വി.ബി നയന, കെ.പി പുരുഷോത്തമൻ, ആർ.ഗോപകുമാർ,ഡി. വിമൽകുമാർ, ബിന്ദു സത്യൻ, എസ്. ഷീജ,ബി.ആർ നീതു, ബീന, ഹെൽത്ത് ഇൻസ്പെക്ടർ എസ്.ഷിബു എന്നിവർ പ്രസംഗിച്ചു. പോത്തൻകോട് പഞ്ചായത്തിലെ 18 വാർഡുകളിലും പദ്ധതി നടപ്പാക്കും. റോഡിന്റെ വശങ്ങളിൽ മാലിന്യം വലിച്ചെറിയൽ തടഞ്ഞ് ചെടികളും പൂന്തോട്ടങ്ങളുമൊരുക്കും.



# മുല്ലപ്പെരിയാറിൽ നിന്ന് കൂടുതൽ വെള്ളം കൊണ്ടുപോകാനൊരുങ്ങി തമിഴ്നാട്

**കുമളി :** മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്നു കൂടുതൽ വെള്ളം കൊണ്ടുപോകാനുള്ള ഒരുക്കങ്ങൾ നടത്തി തമിഴ്നാട്. നിലവിൽ അടിയന്തരഘട്ടങ്ങളിൽ പരമാവധി 3000 ഘനയടി വെള്ളമാണ് അപ്പർ ക്യാംപ് ഡാമിൽ നിന്നു തമിഴ്നാട്ടിലേക്കു തുറന്നുവിടാൻ കഴിയുക. ഇതു കൂട്ടുന്നതിനുള്ള നടപടികളാണു തമിഴ്നാട് ആലോചിക്കുന്നത്. ഇതിന്റെ ഭാഗമായി തമിഴ്നാട് ജലവിഭവ വകുപ്പ്, വൈദ്യുതി ബോർഡ്, ഹൈവേ വകുപ്പ് ഉദ്യോഗസ്ഥർ ഇന്നലെ അപ്പർ ക്യാംപ് ഡാം പരിസരത്തു പരിശോധന നടത്തി.

അപ്പർ ക്യാംപ് ഡാമിൽ നിന്നു പെൻസ്റ്റോക്ക് പൈപ്പ് വഴി വെള്ളം ഒഴുകുന്ന ഭാഗവും സ്ലൂയിസ് ബ്രിജ് വഴി വെള്ളം ഒഴുകുന്ന പ്രദേശവും ഉദ്യോഗസ്ഥർ പരിശോധിച്ചു. മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്നു ടണൽ വഴി അപ്പർ ക്യാംപിൽ എത്തിക്കുന്ന വെള്ളം പെൻസ്റ്റോക്ക് പൈപ്പ് വഴി സെക്കൻഡിൽ പരമാവധി 1800 ഘനയടിയും സ്ലൂയിസ് ബ്രിജ് വഴി (ഇറച്ചിപ്പാലം) സെക്കൻഡിൽ പരമാവധി 1200 ഘനയടിയുമാണ് ഇപ്പോൾ കൊണ്ടുപോകുന്നത്. ഇതിൽ സ്ലൂയിസ് ബ്രിജ് വഴി കൊണ്ടുപോകുന്ന വെള്ളത്തിന്റെ അളവ് എങ്ങനെ കൂട്ടാമെന്നാണു തമിഴ്നാട് പരിശോധിക്കുന്നത്.

ചീഫ് എൻജിനീയർ പൊൻരാജ്, മധുര സോൺ ചീഫ് എൻജിനീയർ ജ്ഞാനശേഖർ, ചെന്നൈ ജലവിഭവ ഓപ്പറേഷൻസ് ആൻഡ് മെയ്ന്റനൻസ് ചീഫ് എൻജിനീയർ സുരേഷ്, ജലവിഭവ എൻജിനീയർ മലർവിഴി, പെരിയാർ ഡാം എക്സിക്യൂട്ടീവ് എൻജിനീയർ സാം ഇർവിൻ, അസി. എക്സിക്യൂട്ടീവ് എൻജിനീയർ കുമാർ, അസി. എൻജിനീയർ നവീൻകുമാർ, രാജഗോപാൽ തുടങ്ങിയവർ സംഘത്തിൽ ഉണ്ടായിരുന്നു.

128 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടി!ന്റെ വിദഗ്ധ പരിശോധനയ്ക്കു മേൽനോട്ട സമിതി തീരുമാനിച്ചതിന്റെ പിന്നാലെയാണു തമിഴ്നാടിന്റെ നീക്കം. അണക്കെട്ടിൽ സ്വതന്ത്രസമിതിയുടെ വിദഗ്ധ പരിശോധന നടത്തണമെന്നാണു സുപ്രീം കോടതി നിയോഗിച്ച മേൽനോട്ടസമിതിയുടെ നിർദേശം. എന്നാൽ തുടർനടപടികൾക്കായി തമിഴ്നാടിനെയാണു മേൽനോട്ടസമിതി ചുമതലപ്പെടുത്തിയത്.

## കുസാറ്റിൽ വിവിധ വകുപ്പുകളിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല അപ്ലൈഡ് കെമിസ്ട്രി വകുപ്പിൽ ജനറൽ ഉൾപ്പടെ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 24 ന് രാവിലെ 9.30 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ക്യാറ്റ് 2023 റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം.

സ്കൂൾ എൻവയോൺമെന്റൽ സ്റ്റഡീസിൽ പി.ജി. പ്രവേശനത്തിനുള്ള സ്പോട്ട് അഡ്മിഷൻ ജൂലൈ 24 ന് നടക്കും.

സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ മൂന്ന് വർഷ എൽഎൽബി (ഈവനിങ്) കോഴ്സിൽ ഒഴിവുള്ള ജനറൽ ഉൾപ്പടെയുള്ള സീറ്റുകളിലേക്ക് ജൂലൈ 24 ന് രാവിലെ 12 മണിയ്ക്ക് സ്പോട്ട് അഡ്മിഷൻ നടക്കും. ക്യാറ്റ് 2023 റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം.

മറൈൻ ജിയോളജി ആന്റ് ജിയോഫിസിക്സ് വകുപ്പിൽ എംഎസ്സി മറൈൻ ജിയോളജി കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 25 ന് എറണാകുളം ലേക്സൈഡ് ക്യാമ്പസിലെ വകുപ്പ് ഓഫീസിൽ വെച്ച് രാവിലെ 10.30 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ക്യാറ്റ് 2023 റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം.

അപ്ലൈഡ് ഇക്കണോമിക്സ് വകുപ്പിൽ എം.എ. അപ്ലൈഡ് കോഴ്സിൽ ഒഴിവുള്ള സീറ്റികളിലേക്ക് ജൂലൈ 25 ന് സ്പോട്ട് അഡ്മിഷൻ നടത്തും.

മറൈൻ ബയോളജി, മൈക്രോബയോളജി, ആന്റ് ബയോകെമിസ്ട്രി വകുപ്പിൽ എംഎസ്സി മറൈൻ ബയോളജി കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 26 ന് രാവിലെ 11 മണിയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ക്യാറ്റ് 2023 റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം.

പ്രൊഫ. എൻ. ആർ. മാധവമേനോൻ ഇന്റർ ഡിസിപ്ലിനറി സെന്ററിൽ മാസ്റ്റേഴ്സ് ഇൻ ബയോഎത്തിക്സ് കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 24 ന് രാവിലെ 9.30 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ക്യാറ്റ് 2023 റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അഭാവത്തിൽ ക്യാറ്റ് എഴുതാത്തവരെയും പരിഗണിക്കും. വിശദ വിവരങ്ങൾക്ക് 8078019688 എന്ന നമ്പറിൽ ബന്ധപ്പെടാം.

കമ്പ്യൂട്ടർ സയൻസ് വകുപ്പിൽ എം.ടെക്ക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിങ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റ സയൻസ് ആന്റ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്/ സോഫ്റ്റ് വെയർ എഞ്ചിനീയറിങ് എന്നീ റെഗുലർ കോഴ്സുകളിലേക്ക് ജൂലൈ 25 ന് രാവിലെ 10:30 മണിയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. വിശദ വിവരങ്ങൾക്ക് 0484 2862301 എന്ന നമ്പറുമായി ബന്ധപ്പെടുക.

സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച സ്പോട്ട് അഡ്മിഷൻ www.cusat.ac.in ൽ ലഭ്യമാണ്.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിലെ വിവിധ വാർഡുകളിലേക്കും ഡിപ്പാർട്ട്മെൻറുകളിലേക്കുമായി ഒരു വർഷക്കാലയളവിലേക്ക് കരാറടിസ്ഥാനത്തിൽ അംഗീകൃത കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും 10 ട്രോളി പുള്ളർ, 8 ഡോർ സ്റ്റാഫ്, 10 ഗേറ്റ് പാസ് സ്റ്റാഫ് ജീവനക്കാർക്കായുള്ള ടെൻഡർ ക്ഷണിച്ചു. ടെൻഡറുകൾ ആഗസ്റ്റ് 9 വരെ നൽകാം. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ നേരിട്ട് അറിയാം.

# ഏഴാമത് ദേശീയ തല റോസ്ഗാർ മേളയുടെ ഭാഗമായി കൊച്ചിയിൽ ഇന്ന് തൊഴിൽ മേള സംഘടിപ്പിക്കുന്നു

**കൊച്ചി:** ദേശീയ തല റോസ്ഗാർ മേളയുടെ ഭാഗമായി കൊച്ചിയിൽ കേന്ദ്ര പരോക്ഷ നികുതി ബോർഡിൻറ്റെ ആഭിമുഖ്യത്തിൽ ഇന്ന് രാവിലെ എറണാകുളത്ത് റോസഗാർ മേള സംഘടിപ്പിക്കുന്നു. രാവിലെ 9 മണി മുതൽ എറണാകുളം ടിഡി എം ഹാളിലാണ് പരിപാടി. കേന്ദ്ര സാമൂഹ്യ നീതി, ശാക്തീകരണ സഹമന്ത്രി ശ്രീ രാംദാസ് അഠാവ്ലെ അധ്യക്ഷത വഹിക്കും. 119

ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവുകൾ സ്വീകരിക്കും. അതിൽ 25 പേർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള നിയമന ഉത്തരവ് ശ്രീ രാംദാസ് അഠാവ്ലെ കൈമാറും. ബാക്കി 94 പേർക്ക് അതത് വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന് നിയമന ഉത്തരവ് ലഭിക്കും. തപാൽ വകുപ്പ്, ഡിഫൻസ് എസ്റ്റേറ്റ്സ് ഓർഗനൈസേഷൻ, ഇന്ത്യൻ നാവികസേന, ഡിഫൻസ് അക്കൗണ്ട്സ് (നാവികസേന), കേരള ഗ്രാമീൺ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, എൽഐ സി, റെയിൽവേ, കസ്റ്റംസ്, സിജിഎസ്ടി എന്നിവയാണ് നിയമ ഉത്തരവുകൾ നൽകുന്ന മറ്റ് വകുപ്പുകൾ.

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന്രാവിലെ പുതിയ റിക്രൂട്ട്മെന്റുകൾക്ക് വീഡിയോ കോൺഫറൻസിംഗ് വഴി നിയമന ഉത്തരവ് വിതരണം ചെയ്യും. പുതുതായി നിയമിതരായവരെ പ്രധാനമന്ത്രി അഭിസംബോധനയും ചെയ്യും. കൊച്ചിയിൽ നടക്കുന്ന റോസ്ഗാർ മേളയിൽ പങ്കെടുക്കുന്നവർ പരിപാടിയുടെ തത്സമയ വെബ്കാസ്റ്റിന് സാക്ഷിയാകും.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഏറ്റവും ഉയർന്ന മുൻഗണന നൽകാനുള്ള പ്രധാനമന്ത്രിയുടെ പ്രതിജ്ഞാബദ്ധതയുടെ പൂർത്തീകരണത്തിലേക്കുള്ള ചുവടുവെപ്പാണ് റോസ്ഗാർ മേള. മേള കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും യുവാക്കൾക്ക് അവരുടെ ശാക്തീകരണത്തിനും ദേശീയ വികസനത്തിൽ പങ്കാളിത്തത്തിനും അർത്ഥവത്തായ അവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും ഉത്തേജകമായി പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിൽ തിരുവനന്തപുരത്തും റോസഗാർ മേള സംഘടിപ്പിക്കുന്നുണ്ട്. കേന്ദ്ര സഹകരണ, വടക്കു കിഴക്കൻ കാര്യ സഹമന്ത്രി ശ്രീ ബി എൽ വർമ്മ മുഖ്യാതിഥിയാകും.

കൊച്ചിയിൽ നടക്കുന്ന റോസ്ഗാർ മേളക്ക് ശേഷം, കേന്ദ്ര മന്ത്രി ശ്രീ രാംദാസ് അഠാവ്ലെ എറണാകുളം ഗസ്റ്റ് ഹൗസിൽ മന്ത്രാലയത്തിന്റെ വിവിധ പദ്ധതികളുടെ ജില്ലാതല നിർവ്വഹണം അവലോകനം ചെയ്യുകയും തുടർന്ന് പത്ര സമ്മേളനം അഭിസംബോധന ചെയ്യുകയും ചെയ്യും.




## ജൈവവള നിർമ്മാണവും അടുക്കളത്തോട്ട പരിപാലനവും: കുസാറ്റിൽ ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി:** ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ഇലക്ട്രോണിക്സ് വകുപ്പും എൻ എസ് എസ് യൂണിറ്റും ഇഷ്ടമരം ഫൗണ്ടേഷനും സംയുക്തമായി ശിൽപശാല സംഘടിപ്പിച്ചു. ജൈവവളനിർമ്മാണത്തിനായി അടുക്കള മാലിന്യം മണ്ണിര കമ്പോസ്റ്റാക്കി മാറ്റുന്നതിനെക്കുറിച്ചും അടുക്കളത്തോട്ടതിന്റെ പരിപാലനത്തെക്കുറിച്ചും നൂതന കൃഷിരീതികളുടെ പരിശീലനവും ശിൽപശാലയിൽ നടന്നു. സംസ്ഥാന സർക്കാരും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഓണത്തിന് ഒരു മുറം പച്ചറിവിത്ത്, അഗ്രി ഫീഡ്സ് കാശ്ശേരിയിൽ ആഗ്രോ ഇൻഡസ്ട്രീസ് കുത്താട്ടുകുളം നല്കിയ മണ്ണിര കമ്പോസ്റ്റ് വളത്തിന്റെയും വിതരണോദ്ഘാടനവും ഇഷ്ട മരം നടീലും ശിൽപശാലയുടെ ഭാഗമായി സംഘടിപ്പിച്ചു.

കുസാറ്റ് ഇലക്ട്രോണിക്സ് വകുപ്പ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഇലക്ട്രോണിക്സ് വകുപ്പ് മേധാവി ഡോ.ദീപ്തി ദാസ് കൃഷ്ണ അദ്ധ്യക്ഷത വഹിച്ചു. കുസാറ്റ് വൈസ് ചാൻസിലർ ഡോ.പി ജി ശങ്കരൻ പരിപാടി ഉദ്ഘാടനം ചെയ്തു.

ഇഷ്ട മരം ഫൗണ്ടേഷൻ ചെയർമാൻ ബാബു തട്ടാർക്കുന്നേൽ പദ്ധതി വിശദീകരണം നല്കി. സെക്ഷൻ ഓഫീസർ എം കെ സുധി, മെയിന്റനൻസ് എഞ്ചിനിയർ പി വൈ അനിൽ, എൻ എസ് എസ് പ്രോഗ്രാം ഓഫീസർ ഡോ. തൃപ്തി എസ് വാര്യർ തുടങ്ങിയവർ സംസാരിച്ചു. കേരള സർക്കാരിന്റെ മികച്ച കർഷകനുള്ള അവാർഡ് കരസ്ഥമായ കെ.ബി ശശിധരൻ, കളമശേരി കൃഷി ഭവൻ അസിസ്റ്റന്റ് ഓഫീസർ മത്തായി പി. സി. എന്നിവർ മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, അടുക്കള തോട്ട പരിപാലനം നൂതന കൃഷിരീതികളുടെ പരിശീലനം തുടങ്ങിയവ നല്കി.

സർവകലാശാല ജീവനക്കാർ, അധ്യാപകർ എൻ എസ് എസ് വാളിന്റയർമാർ, തുടങ്ങിയവർ ശിൽപശാലയിൽ പങ്കെടുത്തു.

## വയനാട് മെഡിക്കൽ കോളേജ്: അടുത്ത അധ്യായന വർഷത്തിൽ ക്ലാസ് ആരംഭിക്കാൻ മന്ത്രിയുടെ നിർദേശം

**തിരുവനന്തപുരം:** വയനാട് മെഡിക്കൽ കോളേജിൽ അടുത്ത അധ്യായന വർഷത്തിൽ എം.ബി.ബി.എസ്. ക്ലാസ് ആരംഭിക്കാനുള്ള സൗകര്യങ്ങളൊരുക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് നിർദേശം നൽകി. നാഷണൽ മെഡിക്കൽ കമ്മീഷൻ ചൂണ്ടിക്കാട്ടിയ പോരായ്മകൾ സമയബന്ധിതമായി പരിഹരിക്കേണ്ടതാണ്. 100 എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനായുള്ള എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകിയിരുന്നു. കേരള ആരോഗ്യ സർവ്വകലാശാല പരിശോധന നടത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. 2024ലെ അഡ്മിഷൻ നടത്താനായി ആദ്യ വർഷ ക്ലാസുകൾക്കുള്ള സൗകര്യങ്ങളൊരുക്കി എൻ.എം.സി.യുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കണമെന്നും മന്ത്രി നിർദേശം നൽകി. വയനാട് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിനായി സെക്രട്ടറിയേറ്റിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് മന്ത്രി നിർദേശം നൽകിയത്.

ജില്ലാ ആശുപത്രിയിൽ സജ്ജമാക്കിയ ആറുനില കെട്ടിടത്തിൽ ആദ്യ വർഷ ക്ലാസുകൾ ആരംഭിക്കുന്നതിന് വേണ്ട ക്രമീകരണങ്ങളൊരുക്കണം. മാനന്തവാടി താലൂക്കിൽ തലപ്പുഴ ബോയ്സ് ടൗണിൽ മെഡിക്കൽ കോളേജിന് വേണ്ടി പ്രഖ്യാപിച്ച ആരോഗ്യ വകുപ്പിന്റെ കൈവശമുള്ള 65 ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ട കോടതി വ്യവഹാരമാണ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസമുണ്ടായത്. അടിയന്തരമായി കോടതിയുടെ അനുമതി തേടി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകി. കൂടാതെ ജില്ലാ ആശുപത്രിയ്ക്ക് സമീപം ഏറ്റെടുക്കാൻ പറ്റുന്ന സ്ഥലങ്ങൾ കണ്ടെത്താൻ നടപടി സ്വീകരിക്കാനും മന്ത്രി നിർദേശം നൽകി.

സർക്കാർ തലത്തിൽ 5 നഴ്സിംഗ് കോളേജുകൾക്ക് തത്വത്തിൽ അനുമതി നൽകിയതിൽ വയനാടും ഉൾപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ സജ്ജീകരണങ്ങളൊരുക്കാനും മന്ത്രി നിർദ്ദേശം നൽകി. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ജില്ലാ കളക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, മറ്റുദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## യോഗ ടീച്ചർ ട്രെയിനിങ് ഡിപ്ലോമ

**കൊല്ലം:** എസ് ആർ സി കമ്മ്യൂണിറ്റി കോളജ് യോഗ അസോസിയേഷൻ ഓഫ് കേരളയുടെ സഹകരണത്തോടെ നടത്തുന്ന ഡിപ്ലോമ ഇൻ യോഗ ടീച്ചർ ട്രെയിനിങ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. 18 വയസ് പൂർത്തിയായ പ്ലസ്ടു/തതുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. സർട്ടിഫിക്കറ്റ് ഇൻ യോഗ കോഴ്സ് വിജയിച്ചവർക്ക് ഡിപ്ലോമ പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിലേക്ക് അഡ്മിഷൻ നേടാം. വിശദ വിവരങ്ങൾ ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം 33 വിലാസത്തിലും, ഠഠഠ.ൃരര.ശി സൈറ്റിലും ലഭിക്കും. https:/s/rcc.in/download ലിങ്ക് മുഖേന അപേക്ഷാഫോം ഡൗൺലോഡ് ചെയ്യാം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 10. ജില്ലയിലെ പഠന കേന്ദ്രം യോഗ അസോസിയേഷൻ, കൊല്ലം. ഫോൺ: 8547052494, 04712325101, 8281114464




വി.എച്ച്.പി ഇന്റർനാഷണൽ സെക്രട്ടറി ജനറൽ മിലിന്ദ് പരാന്ദെ കൊച്ചി ഭാസ്കരീയം കൺവെൻഷൻ സെന്ററിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുന്നു. സംസ്ഥാന അധ്യക്ഷൻ വിജി തമ്പി,സംസ്ഥാന ജനറൽ സെക്രട്ടറി വി.ആർ. രാജശേഖരൻ എന്നിവർ സമീപം

# ഏക സിവിൽ കോഡ് അനിവാര്യം : മിലിന്ദ് പരാന്ദെ

**കൊച്ചി :** വിശ്വഹിന്ദു പരിഷത്ത് ഏക സിവിൽ കോഡിനെ പിന്തുണക്കുന്നുവെന്നും അത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും വിശ്വഹിന്ദു പരിഷത്ത് ഇന്റർനാഷണൽ സെക്രട്ടറി ജനറൽ മിലിന്ദ് പരാന്ദെ. മറ്റു രാജ്യങ്ങളിൽ ഉള്ളതുപോലെ ഏക സിവിൽ കോഡ് നമ്മുടെ രാജ്യത്ത് ഇല്ല. ഭരണഘടന രൂപീകരിക്കുന്നവേളയിൽ ബാബാ സാഹിബ് അബേദ്കർ പൊതുസിവിൽ കോഡിനെ പിന്തുണച്ചിരുന്നു. സ്ത്രീ ശാക്തീകരണത്തിനും ലിംഗ സമത്വത്തിനും പൊതു സിവിൽ കോഡ് അനിവാര്യമാണെന്നും കൊച്ചിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

1937 ലാണ് മുസ്ലീം സ്വകാര്യ നിയമം നിലവിൽ വന്നത്. അതിന് മുൻപ് മുസ്ലീങ്ങൾക്കായി പ്രത്യേക നിയമം ഇല്ലായിരുന്നെന്നും എല്ലാവർക്കും ഒരു നിയമമായിരുന്നെന്നും അദ്ദേഹം പറഞ്ഞു. പൊതു സിവിൽ കോഡ് മതപരമായ ആചാരങ്ങൾ കൈകാര്യം ചെയ്യുന്ന നിയമമാണെന്നാണ് ചിലർ തെറ്റിദ്ധരിപ്പിക്കുന്നു. എന്നാൽ ഈ നിയമത്തിൽ വിവാഹം, വിവാഹമോചനം, അനന്തരാവകാശം, ദത്തെടുക്കൽ തുടങ്ങിയ കാര്യങ്ങൾ മാത്രമാണ് കൈകാര്യം ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്തുടനീളം മതപരിവർത്തന നിരോധന നിയമം കൊണ്ടുവരണമെന്നും കേരളത്തിൽ ഹിന്ദു സമൂഹം മാത്രമല്ല, ക്രിസ്ത്യൻ സമൂഹവും ലൗ ജിഹാദിന്റെ പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് മതപരിവർത്തന നിരോധന നിയമവും കേരളത്തിൽ പശുവിനെ കൊല്ലാതിരിക്കാനുള്ള നിയമവും കൊണ്ടുവരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

മണിപ്പൂരിൽ നടക്കുന്നത് ലജ്ജാകരമായ കാര്യമാണ്. എത്രയും വേഗം സമാധാനം നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. മണപ്പൂരിൽ നടക്കുന്നത് ഹിന്ദു ക്രിസ്ത്യൻ സംഘർഷമാണെന്ന് പലരും പ്രചരിപ്പിക്കുന്നു. അത് തെറ്റായ പ്രചരണമാണെന്നും അവിടെ നടക്കുന്നത് രണ്ട് സമുദായങ്ങൾ തമ്മിലുള്ള സംഘർഷമാണെന്നും അദ്ദേഹം പറഞ്ഞു.

വിശ്വ ഹിന്ദു പരിഷത്ത് സ്ഥാപിതമായതിന്റെ 60ാം വർഷത്തിലേക്ക് കടക്കുന്ന വേളയിൽ കേരളത്തിൽ വിപുലമായ പ്രവർത്തനങ്ങൾ നടത്താനാണ് സംഘടനയുടെ തീരുമാനം. 2024 ൽ 7000 സ്ഥലങ്ങലിൽ 14 ലക്ഷം വീടുകളിൽ 70 ലക്ഷം ഹിന്ദുക്കളെ സ്വാഭിമാന ഹിന്ദുക്കളാക്കി 7000 സ്ഥലങ്ങളിലും അവർക്ക് ആവശ്യമായ സേവന പദ്ധതികളും നടപ്പിലാക്കും.

വിശ്വ ഹിന്ദു പരിഷത്തിന്റെ വാർഷിക ബൈഠക്ക് ഇന്നും നാളെയും പാലക്കാട് അശ്വതി കല്ല്യാണ മണ്ഡപത്തിൽ നടക്കും. കൊച്ചി ഭാസ്കരീയം കൺവെൻഷൻ സെന്ററിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി, സംസ്ഥാന ജനറൽ സെക്രട്ടറി വി.ആർ. രാജശേഖരൻ എന്നിവരും പങ്കെടുത്തു.

### തീവ്രവാദ സഹായം സി. പി. എം. നെയും നിരോധിക്കേണ്ടി വരും : വി. എച്ച്. പി

നിരോധിക്കപ്പെട്ട പോപ്പുലർ ഫ്രണ്ട് പ്രവർത്തകരിൽ കൂടുതൽ പേരും ഇന്ന് സിപിഎമ്മിൽ ചേക്കേറിയിരിക്കുകയാണ്. സിപിഎം. ഇപ്പോൾ പി. എഫ്.ഐയുടെ സ്ലീപ്പർ സെല്ലായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. സിപിഎം അവരെ ഒഴിവാക്കിയില്ലായെങ്കിൽ സിപിഎമ്മിനെയും നിരോധിക്കേണ്ടിവരുമെന്ന് വിശ്വഹിന്ദു പരിഷത്ത് ഇന്റർനാഷണൽ സെക്രട്ടറി ജനറൽ മിലിന്ദ് പരാന്ദെ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

# വിദ്യാഭ്യാസ മേഖലയിൽ സമഗ്ര മാറ്റം അനിവാര്യം: സ്പീക്കർ

**കുന്നത്തുനാട് മണ്ഡലത്തിൽ സ്ലേറ്റ് പദ്ധതിക്ക് തുടക്കം**

**കൊച്ചി :** വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മാറ്റമാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ. കുന്നത്തുനാട്ടിൽ നടപ്പാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയായ സ്ലേറ്റ് (സസ്റ്റെയിനബിലിറ്റി ലീഡർഷിപ് ആന്റ് ഏജൻ സീത്രൂ എജ്യൂക്കേഷൻ) പദ്ധതിയുടെ മണ്ഡലതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെ അനുദിനം മാറുന്ന ലോകത്തിനൊപ്പം അവയിലെ നല്ല മാറ്റങ്ങൾ ഉൾക്കൊണ്ട് മുന്നേറാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കണം. ശാസ്ത്രം, മതനിരപേക്ഷത എന്നിവയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസമാണ് ഓരോ വിദ്യാർത്ഥികൾക്കും നൽകേണ്ടത്. വിദ്യാർത്ഥികളുടെ കഴിവുകൾ നിരന്തരമായ പരിശീലനത്തിലൂടെ പരിപോഷിപ്പിക്കണമെന്നും സ്പീക്കർ പറഞ്ഞു.

ചടങ്ങിൽ പി. വി. ശ്രീനിജിൻ എം എൽ എ അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസം കേവലം അറിവ് സമ്പാദിക്കാൻ വേണ്ടി മാത്രമുള്ളതാകരുതെന്നും മനുഷ്യമനസ്സുകളെ തിരിച്ചറിയാൻ കൂടിയുള്ളതാകണമെന്നും എംഎൽഎ പറഞ്ഞു. സെന്റ് തെരേസാസ് കോളേജ് മാനേജർ റവ.ഡോ.സി.വിനീത പദ്ധതി വിശദീകരിച്ചു. ബി.പി.സി.എൽ. ഹ്യൂമൻ റിസോഴ്സ് ജനറൽ മാനേജർ ജോർജ് തോമസ് മുഖ്യാതിഥിയായി.

കുന്നത്തുനാട് മണ്ഡലത്തിൽ എം എൽ എ യുടെ വിദ്യാജ്യോതി പദ്ധതിയും എറണാകുളം സെന്റ് തെരേസാസ് കോളജും സംയുക്തമായി ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡി (ബി.പി.സി.എൽ.)ന്റെ സഹകരണത്തോടെയാണ് സ്ലേറ്റ് പദ്ധതി നടപ്പാക്കുന്നത്.

സുസ്ഥിര വിദ്യാഭ്യാസത്തിന് ഐക്യരാഷ്ട്ര സഭ മുന്നോട്ടു വയ്ക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനു കുട്ടികളെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കുട്ടികളിൽ സമഭാവനയും സഹാനുഭൂതിയും വളർത്തുക, ഭരണഘടനാപരവും ധാർമികവുമായ കടമകളെയും അവകാശങ്ങളെയും കുറിച്ച് അവബോധമുണ്ടാക്കുക, ഇംഗ്ലീഷിൽ പ്രാവീണ്യമുള്ളവരാക്കുക , കളികളിലൂടെയുള്ള ഗണിത പഠനം സാധ്യമാക്കുക തുടങ്ങിയവയും വിദ്യാർത്ഥികൾക്ക് ലഭ്യമാകും. മത്സര പരീക്ഷകൾക്കടക്കം കുട്ടികളെ പ്രാപ്തരാക്കുന്ന രീതിയിലായിരിക്കും പദ്ധതിയുടെ ആവിഷ്കാരം.

നിയോജക മണ്ഡലത്തിലെ 21 സർക്കാർ, എയ്ഡഡ് സ്കൂളുകളിലാണ് സ്ലേറ്റ് പദ്ധതി നടപ്പാക്കുന്നത്. ബി. പി. സി. എൽ. ഗ്രൂപ്പിന്റെ സാമൂഹിക പ്രതിബദ്ധത ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതിയുടെ പ്രയോജനം ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിലുള്ള 11,000 വിദ്യാർത്ഥികൾക്ക് ലഭിക്കും.

വിദ്യാജ്യോതി പദ്ധതിയുടെ ഭാഗമായി എം. എൽ. എ. ഫണ്ടിൽ നിന്നും വിവിധ സ്കൂളുകളിലേക്ക് 10 ലക്ഷം രൂപയുടെ പുസ്തകം കൈമാറുന്നതിന്റെ ഉദ്ഘാടനവും സ്പീക്കർ നിർവഹിച്ചു.

കടയിരിപ്പ് ഗവ. ഹയർ സെക്കന്ററി സ്കൂളിൽ സംഘടിപ്പിച്ച ചടങ്ങിൽ ജില്ലാ ശിശുക്ഷേമ സമിതി വൈസ് ചെയർമാൻ കെ. എസ്. അരുൺ കുമാർ, എ.ഇ.ഒ. ടി.ശ്രീകല, സെന്റ് തെരേസ കോളേജ് പ്രിൻസിപ്പാൾ ഡോ. അൽഫോൻസ വിജയ ജോസഫ്, കടയിരിപ്പ് ജി.എച്ച്.എസ്.എസ്. പ്രിൻസിപ്പാൾ കെ.എം.നിഷി, ഹെഡ്മിസ്ട്രസ് ഇൻ ചാർജ് കെ ബി സരിത, പി.ടി.എ. പ്രസിഡന്റ് എം കെ മനോജ്, വിദ്യാജ്യോതി കൺവീനർ ജൂബിൾ ജോർജ്, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളായ ജോർജ് ഇടപ്പരത്തി, പൗലോസ് മുടിക്കൻതല തുടങ്ങിയവർ പങ്കെടുത്തു.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി :** സംസ്ഥാന സർക്കാർ സ്ഥാപനമായ കെൽട്രോണിൻറെ എറണാകുളം നോളജ് സെൻററിൽ സർക്കാർ അംഗീകൃതവും പി.എസ്.സി നിയമനങ്ങൾക്ക് യോഗ്യവുമായ ഓഫീസ് ഓട്ടോമേഷൻ പിജിഡിസിഎ, ഡിസിഎ, വേഡ് പ്രോസസിങ് ആൻറ് ഡാറ്റാ എൻട്രി, കമ്പ്യൂട്ടറൈസ്ഡ് ഫിനാഷ്യൽ അക്കൗണ്ടിങ് (ടാലി ആൻറ് എം.എസ്.ഓഫീസ്) കോഴ്സുകളിലേക്ക് സ്പോട്ട് അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക്ഫോൺ :0484 2971400, 8590605259

വിലാസം: ഹെഡ് ഓഫ് സെൻറർ, കെൽട്രോൺ നോളജ് സെൻറർ, കലൂർ വിലാസത്തിലോ ബന്ധപ്പെടാം.

## ഡിപി വേൾഡ് ഐഎൽടി20 സീസൺ 2 സീ ചാനലുകളിലും ഒടിടിയിലും സംപ്രേഷണം ചെയ്യും

**കൊച്ചി:** ലോകത്തിൽ ഏറ്റവുമധികം ആളുകൾ വീക്ഷിക്കുന്ന രണ്ടാമത്തെ ടി20 ക്രിക്കറ്റ് ലീഗായ ഡിപി വേൾഡ് ഐഎൽടി20യുടെ രണ്ടാം സീസൺ പ്രഖ്യാപിച്ച് സീ എൻറർടൈൻമെൻറ് എൻറർപ്രൈസസ് ലിമിറ്റഡ്. എമിറേറ്റ്സ് ക്രിക്കറ്റ് ബോർഡിൻറെ അനുമതിയോടെയുള്ള ടൂർണമെൻറ് 2024 ജനുവരി മുതൽ കമ്പനിയുടെ ലീനിയർ ചാനലുകളിലും ഒടിടി പ്ലാറ്റ്ഫോമായ സീ5 എന്നിവയിലും തത്സമയം സംപ്രേഷണം ചെയ്യും. ആകെ 34 മത്സരങ്ങളാണ് ഡിപി വേൾഡ് ഐഎൽടി20 ടൂർണമെൻറിലുള്ളത്.

2024 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി അബുദാബി, ദുബായ്, ഷാർജ എന്നിവിടങ്ങളിലാണ് രണ്ടാം സീസൺ അരങ്ങേറുക. അബുദാബി നൈറ്റ് റൈഡേഴ്സ്, ഡെസേർട്ട് വൈപ്പേഴ്സ്, ദുബായ് ക്യാപിറ്റൽസ്, ഗൾഫ് ജയൻറ്സ്, എംഐ എമിറേറ്റ്സ്, ഷാർജ വാരിയേഴ്സ് എന്നീ ആറ് ഫ്രാഞ്ചൈസികളാണ് ക്രിക്കറ്റ് ലോകത്തെ മികച്ച താരങ്ങളെ നിലനിർത്തി ടൂർണമെൻറിനിറങ്ങുന്നത്.

ആന്ദ്രെ റസ്സലിനെയും സ്പിന്നർ സുനിൽ നരെയ്നെയും അബുദാബി നൈറ്റ് റൈഡേഴ്സ് നിലനിർത്തിയിട്ടുണ്ട്. ഉദ്ഘാടന സീസണിലെ ടോപ് സ്കോറർ അലക്സ് ഹെയ്ൽസിനെയും ക്യാപ്റ്റൻ കോളിൻ മൺറോയെയും നിലനിർത്തിയാണ് ആദ്യ സീസൺ ഫൈനലിസ്റ്റുകളായ ഡെസേർട്ട് വൈപ്പേഴ്സ് രണ്ടാം ടൂർണമെൻറിനിറങ്ങുന്നത്. ദുബായ് ക്യാപിറ്റൽസ് വെസ്റ്റ് ഇൻഡീസ് താരം റോവ്മാൻ പവലിനെയും ഇംഗ്ലണ്ടിൻറെ ഇതിഹാസ താരം ജോ റൂട്ടിനെയും നിലനിർത്തി.

ഗൾഫ് ജയൻറ്സ് ക്യാപ്റ്റൻ ജെയിംസ് വിൻസിനെയും ടൂർണമെൻറിലെ മികച്ച ബൗളറായ ക്രിസ് ജോർദനെയും നിലനിർത്തിയപ്പോൾ, കീറൺ പൊള്ളാർഡിനെയും ഡ്വെയ്ൻ ബ്രാവോയുമാണ് എം.ഐ എമിറേറ്റ്സ് നിലനിർത്തിയത്. നിക്കോളാസ് പൂരൻ, ട്രെൻറ് ബോൾട്ട് എന്നിവരെയും എംഐ എമിറേറ്റ്സ് നിലനിർത്തി. ഓൾറൗണ്ടർ ക്രിസ് വോക്സിനെയും ബാറ്റ്സ്മാൻ ജോ ഡെൻലിയെയുമാണ് ഷാർജ വാരിയേഴ്സ് നിലനിർത്തിയത്.

ഡിപി വേൾഡ് ഐഎൽടി20ക്ക് ആദ്യ സീസണിൽ ലഭിച്ച മികച്ച പ്രതികരണത്തിൽ ഞങ്ങൾ സന്തുഷ്ടരാണെന്നും, ഇത് ടിവി, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലായി ലോകമെമ്പാടും 367 മില്യൺ റീച്ച് സൃഷ്ടിച്ചെന്നും രാഹുൽ ജോഹ്രി പറഞ്ഞു. ടീമുകൾ നിലനിർത്തിയ ലോകത്തിലെ മുൻനിര ടി20 ക്രിക്കറ്റ് താരങ്ങൾക്കൊപ്പം സമാനതകളില്ലാത്ത ക്രിക്കറ്റ് ആക്ഷൻറെ വലിയ വാഗ്ദാനവുമായാണ് രണ്ടാം സീസൺ വരുന്നതെന്നും അദ്ദേഹം പറഞ്ഞു.

## യോഗടീച്ചർ ട്രെയിനിംഗിൽ ഡിപ്ലോമ

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് യോഗ അസോസിയേഷൻ ഓഫ് കേരളയുടെ സഹകരണത്തോടെ നടത്തുന്ന ഡിപ്ലോമ ഇൻ യോഗ ടീച്ചർ ട്രെയിനിംഗ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു.

പൊതു അവധി ദിവസങ്ങളിൽ സംഘടിപ്പിക്കുന്ന സമ്പർക്ക ക്ലാസ്സുകൾ, ഓരോ വിഷയത്തിലും തയാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ, നേരിട്ടും ഓൺലൈനിലുമായി നടക്കുന്ന തിയറി ക്ലാസ്സുകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് യോഗ പഠനം ക്രമീകരിക്കുന്നത്. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് 70 ശതമാനം ഹാജർ ഉറപ്പു വരുത്തണം. ഡിപ്ലോമ പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത +2 അഥവാ തത്തുല്യം. അപേക്ഷകർ 18 വയസ്സ് പൂർത്തിയാക്കിയിരിക്കണം. ഉയർന്ന പ്രായപരിധിയില്ല. എസ്.ആർ.സി. കമ്മ്യൂണിറ്റി കോളേജ് നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ വിജയകരമായി പൂർത്തിയാക്കിയവർക്ക് ഡിപ്ലാമ പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിൽ അഡ്മിഷൻ എടുത്താൽ മതിയാകും. ആപ്ലിക്കേഷൻ ഓലൈനായി സമർപ്പിക്കുന്നതിന് tthps://apps.rccc.in/regtsier ലിങ്കിലൂടെ കഴിയും. എന്ന ലിങ്കിൽ നിന്നും അപേക്ഷാഫാറം ഡൗൺ ലോഡ് ചെയ്തും അപേക്ഷിക്കാം.

അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 10. വിശദ വിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി ഓഫീസിൽ നിന്ന് നേരിട്ടും ലഭിക്കും. വിലാസം ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം33. ഫോൺ 04712325101, 8281114464. വിശദാംശങ്ങൾ tthps:/s/rccc.in/download വെബ് സൈറ്റിലും ലഭ്യമാണ്. ജില്ലയിലെ പഠന കേന്ദ്രം: യോഗ അസോസിയേഷൻ, എറണാകുളം: 8136856243

## സർട്ടിഫിക്കറ്റ് ഇൻ കൗൺസലിംഗ് സൈക്കോളജി പ്രോഗ്രാമിന് അപേക്ഷിക്കാം

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് ജൂലൈ സെഷനിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ കൗൺസലിംഗ് സൈക്കോളജി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. സർട്ടിഫിക്കറ്റ് കോഴ്സസിന് ആറുമാസമാണ് കാലാവധി. ശനി, ഞായർ പൊതു അവധി ദിവസങ്ങളിലാകും കോണ്ടാക്ട് ക്ലാസ്സുകൾ സംഘടിപ്പിക്കുക. https://apps.rccc.in/register ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാൻ കഴിയും. വിശദ വിവരങ്ങൾ wwws.rccc.in വെബ്സൈറ്റിൽ ലഭ്യമാണ്. 18 വയസിനു മേൽ പ്രായമുള്ള ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 31. കൂടുതൽ വിവരങ്ങൾക്ക് ആശ്രയ സെന്റർ ഫോർ സൈക്കോളജിക്കൽ കൗൺസലിംഗ് സെൻറർ കൊച്ചി, എറണാകുളം. ഫോൺ :7994778226.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള വാഴക്കുളം (അഡീഷണൽ) ഐ സി ഡി എസ് പ്രൊജക്റ്റ് ഓഫിസിലെ ഉപയോഗത്തിനായി 202324 സാമ്പത്തിക വർഷം 2023 ഒക്ടോബർ മുതൽ ഒരുവർഷ കാലയളവിലേയ്ക്ക് വ്യക്തികളിൽ നിന്ന് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് മുദ്രവച്ച ടെൻഡർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 നും വൈകിട്ട് 5.00 നും ഇടയിൽ ആലുവ തോട്ടക്കാട്ടുകര ശിവ ടെമ്പിൾ റോഡിൽ പ്രവർത്തിക്കുന്ന വാഴക്കുളം (അഡിഷണൽ) ശിശുവികസന പദ്ധതി ഓഫീസിൽ ലഭിക്കും. ഫോൺ 0484 2952488, 9387162707. ടെൻഡർ സ്വീകരിക്കുന്ന അവസാന തിയതി ഓഗസ്റ്റ് 11.

## വിമുക്തഭടന്മാരുടെ ശ്രദ്ധയ്ക്ക്

**കൊച്ചി:** വിമുക്ത ഭടന്മാരുടെ പത്താം സ്റ്റാൻറേർഡ് മുതൽ ബിരുദാനന്തര ബിരുദം വരെയും മറ്റ് ഡിപ്ലോമ കോഴ്സുകൾക്കും പഠിക്കുന്ന മക്കൾക്ക് സംസ്ഥാന സൈനിക ക്ഷേമ വകുപ്പ് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു.

കേന്ദ്രീയ സൈനിക് ബോർഡിൽ നിന്നും ഈ വർഷം എഡ്യൂക്കേഷൻ ഗ്രാൻറിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാം. അപേക്ഷകർ കഴിഞ്ഞ അധ്യയന വർഷത്തിൽ 50 ശതമാനം മാർക്ക് നേ!യിട്ടുള്ളവരും രക്ഷകർത്താക്കളുടെ വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ താഴെയുമായിരിക്കണം.

അപേക്ഷാഫോറം www.sainikwelfarekerala.org വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി സെപ്തംബർ 10. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ ബന്ധപ്പെടാം. ഫോൺ 04842422239.

# വൈക്കം സത്യാഗ്രഹം മലയാളിയുടെ പൊതുബോധത്തെ ഉണർത്തി: പ്രൊഫ. എം. വി. നാരായണൻ




**സർവ്വകലാശാലയുടെ കാലടി മുഖ്യക്യാമ്പസിലെ ലാംഗ്വേജ് ബ്ലോക്കിലെ സെമിനാർ ഹാളിൽ സംഘടിപ്പിക്കുന്ന ദ്വിദിന സെമിനാർ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ ഉദ്ഘാടനം ചെയ്യുന്നു**

**കൊച്ചി:** മലയാളിയുടെ പൊതുബോധത്തെ ഉണർത്തുന്നതിൽ വൈക്കം സത്യാഗ്രഹം നിർണായക പങ്ക് വഹിച്ചുവെന്ന് ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ പറഞ്ഞു. വൈക്കം സത്യാഗ്രഹത്തിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയും കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി വൈക്കം സത്യാഗ്രഹവും നവോത്ഥാനവും എന്ന വിഷയത്തിൽ സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലെ ലാംഗ്വേജ് ബ്ലോക്കിലെ സെമിനാർ ഹാളിൽ സംഘടിപ്പിക്കുന്ന ദ്വിദിന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മനുഷ്യത്വമെന്നത് ജീവിതത്തിൽ പ്രാവർത്തികമാക്കുവാനുള്ളതാണെന്ന് മലയാളിയെ പഠിപ്പിച്ച സമരമാണ് വൈക്കം സത്യാഗ്രഹം. ഈ സമരം സൃഷ്ടിച്ചെടുത്ത പൊതുബോധവും അനുഭവങ്ങളും കേരള ജനതയുടെ സാംസ്കാരികബോധത്തെ ദീപ്തമാക്കി. ശരീരത്തിന്റെ രാഷ്ട്രീയം പോലെ തന്നെ ഇടങ്ങളുടെ രാഷ്ട്രീയവും വൈക്കം സത്യാഗ്രഹം ഉയർത്തിപ്പിടിക്കുന്നു. പ്രസ്ഥാനത്തിന്റേയും മുന്നേറ്റത്തിന്റെയും ബൃഹദ് ആഖ്യാനങ്ങളുടെ രീതി ശാസ്ത്രത്തിന് ഉൾക്കൊള്ളാനാവാത്തതും എന്നാൽ അധികാരത്തിന്റെ ചെറിയ ആഖ്യാനങ്ങൾക്കു കൂടി ഇടം നൽകുന്നു എന്നതാണ് വൈക്കം സത്യാഗ്രഹ സമരത്തിന്റെ പ്രസക്തി. നിബന്ധനയുടെ അടിസ്ഥാനത്തിൽ അയിത്ത ജാതിക്കാർക്ക് സഞ്ചാര സ്വാതന്ത്ര്യം ലഭിച്ചു എന്ന പ്രത്യക്ഷ നേട്ടം മാത്രമായി വൈക്കം സത്യാഗ്രഹത്തെ പരിമിതപ്പെടുത്താനാവില്ല. ക്ഷേത്രപ്രവേശനം, ജെൻഡർ സമരങ്ങൾ, ട്രാൻസ്ജെൻഡർ മുന്നേറ്റങ്ങൾ തുടങ്ങിയ ഒട്ടേറെ വിപ്ലവാത്മകമായ സാമൂഹ്യ മാറ്റങ്ങൾക്കും വൈക്കം സത്യാഗ്രഹം അടിത്തറ പാകി.

അതേ സമയം നമ്മുടെ സമൂഹത്തിൽ ഇന്നും നടക്കുന്ന ജാതീയ തമസ്ക്കരണങ്ങളെ കാണാതെ പോകരുത്. ജാതിവിവേചനം എന്നത് ഇന്ന് പ്രത്യക്ഷമായി നടക്കുന്ന ഒന്നല്ല. രാജ്യത്ത് പരോക്ഷവും രൂക്ഷവുമായി അത് സംഭവിച്ചുകൊണ്ടേയിരിക്കുന്നു. മണിപ്പൂരിൽ സംഭവിക്കുന്ന കൊടുംക്രൂരതകൾ ഇതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണെന്ന് പ്രൊഫ. എം. വി. നാരായണൻ പറഞ്ഞു.

ഡോ. പഴ.അതിയമാൻ സെമിനാറിൽ മുഖ്യാതിഥിയായി. സഞ്ചാരസ്വാതന്ത്ര്യത്തിനായി സമൂഹം ഒറ്റക്കെട്ടായി മുന്നേറേണ്ടിയിരുന്നതിനു പകരം കേവലം ഹിന്ദുമതത്തിലെ അഭ്യന്തര പ്രശ്നമായി വൈക്കം സത്യാഗ്രഹത്തെ ലഘൂകരിക്കാൻ ദേശീയ നേതാക്കളിൽ ചിലർ ശ്രമിച്ചിരുന്നതായി ഡോ. പഴ. അതിയമാൻ പറഞ്ഞു. സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന അക്കാദമിക് ജേർണൽ വൈജ്ഞാനികത്തിന്റെ പുതിയ ലക്കത്തിന്റെ പ്രകാശനം പ്രൊഫ. എം. വി. നാരായണൻ നിർവ്വഹിച്ചു. പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി ആദ്യപ്രതി ഏറ്റുവാങ്ങി. സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. മ്യൂസ് മേരി ജോർജ്ജ് അധ്യക്ഷയായിരുന്നു. സുനിൽ പി. ഇളയിടം മുഖ്യപ്രഭാഷണം നടത്തി. ഡോ. പഴ. അതിയമാൻ മുഖ്യാതിഥിയായിരുന്നു. മുൻ വൈസ് ചാൻസലർ ഡോ. ധർമ്മരാജ് അടാട്ട്, രജിസ്ട്രാർ പ്രൊഫ. എം. ബി. ഗോപാലകൃഷ്ണൻ, ഡോ. സന്തോഷ് തോമസ്, സെമിനാർ കോഓർഡിനേറ്റർ ഡോ. കവിത സോമൻ, ആർ. അനിരുദ്ധൻ എന്നിവർ പ്രസംഗിച്ചു.

# വിദ്യാർഥികളുടെ കൺസെഷൻ നിരക്ക് സ്വകാര്യ ബസ്സുകളിൽ പ്രദർശിപ്പിക്കണം



**കൊച്ചി:** വിദ്യാർത്ഥികളുടെ കൺസെഷൻ നിരക്ക് സ്വകാര്യ ബസുകളിൽ നിർബന്ധമായും പ്രദർശിപ്പിക്കണം. വിദ്യാർത്ഥികളുടെ യാത്രാ സൗകര്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. വിദ്യാർത്ഥികൾക്ക് ബസ് നിരക്കിൽ ഇളവ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ സ്ക്വാഡ് പരിശോധന നടത്തണമെന്നും ബന്ധപ്പെട്ട അതോറിറ്റികൾ സമയം രേഖപ്പെടുത്തിയ കൺസെഷൻ കാർഡുകൾ വിതരണം ചെയ്യണമെന്നും യോഗത്തിൽ നിർദേശിച്ചു.

രാവിലെ ആറ് മുതൽ വൈകിട്ട് ഏഴ് വരെയാണ് ഇളവ് അനുവദിക്കുക. വിദ്യാർത്ഥികൾ വരിയായി നിന്ന് ബസുകളിൽ കയറണം. വാതിൽ അടക്കാതെ ബെല്ല് അടിക്കരുത്. കൺസഷൻ നൽകുന്നുണ്ടോ എന്ന് പരിശോധിക്കാൻ പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കണം.

ബസ് ജീവനക്കാരിൽ നിന്നും വിദ്യാർത്ഥികൾക്ക് എന്തെങ്കിലും തരത്തിൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടാൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും യോഗത്തിൽ നിർദേശിച്ചു.

കളക്ടറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ ആർ ടി ഒ മാരായ ജി. അനന്തകൃഷ്ണൻ, പി എം. ഷബീർ, എസ്.പി. സ്വപ്ന, പോലീസ് ഉദ്യോഗസ്ഥർ, കെ.ബി.ടി.എ ( കേരള ബസ് ട്രാൻസ്പോർട്ട് അസോസിയേഷൻ) പ്രതിനിധികൾ, കോളേജ് അധികൃതർ, വിദ്യാർത്ഥികൾ തുടങ്ങിയ യോഗത്തിൽ പങ്കെടുത്തു.

# സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ കേരള മോഡൽ നോളജ് സൊസൈറ്റിയാക്കി ഉയർത്തും: മന്ത്രി ആർ. ബിന്ദു

**കൊച്ചി:** സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അക്കാദമികമായും ഭരണപരമായും ഭൗതികമായും കാലാനുസൃതമായി ശാക്തീകരിച്ച് നാല് വർഷ ബിരുദ പ്രോഗ്രാമുകളിലൂടെ കേരള മോഡൽ നോളജ് സൊസൈറ്റിയാക്കി ഉയർത്തുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തി വരുന്നതെന്ന് മന്ത്രി ആർ. ബിന്ദു പറഞ്ഞു. നാല് വർഷ ബിരുദ പ്രോഗ്രാം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കുസാറ്റ് എന്നീ സർവ്വകലാശാലകളിലെ സിൻഡിക്കേറ്റ് അംഗങ്ങൾ, അക്കാദമിക് കൗൺസിൽ അംഗങ്ങൾ, വിവിധ പഠന ബോർഡ് അംഗങ്ങൾ എന്നിവരുമായി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച നയവിശദീകരണ ശില്പശാലയുടെയും ചർച്ചയുടെയും ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി ആർ. ബിന്ദു.


**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച നയവിശദീകരണ ശില്പശാലയുടെ ഉദ്ഘാടനം മന്ത്രി ആർ. ബിന്ദു നിർവ്വഹിക്കുന്നു. വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ സമീപം.**

നൂതനമായ സമീപന ശൈലികളിലൂടെ നിലവിലുള്ള അധ്യയന രീതി കാലാനുസൃതമായി പരിഷ്കരിക്കും. ബിരുദ കോഴ്സുകളുടെ കരിക്കുലം പരിഷ്കരണത്തോടൊപ്പം നിലവിലുള്ള പരീക്ഷാരീതികളും പരിഷ്കരിക്കും. ഉന്നത വിദ്യാഭ്യാസ രംഗത്ത് ജനപക്ഷ ബദലാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വൈജ്ഞാനിക മേഖലയുടെ അതിരുകൾ വികസിക്കുന്നതിനനുസരിച്ച് വിവിധ ഇന്റർഡിസിപ്ലിനറി, മൾട്ടിഡിസിപ്ലിനറി കോഴ്സുകൾ സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ലഭ്യമാക്കും. ഓരോ സർവ്വകലാശാലയും കോളേജും അവരവരുടെ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾക്കനുസൃതമാണ് നാല് വർഷ ബിരുദ കോഴ്സുകളുടെ കരിക്കുലം ആവിഷ്കരിക്കേണ്ടത്. ഇതിന് പര്യാപ്തമായ ഒരു മാതൃക മാത്രമാണ് സർക്കാർ തയ്യാറാക്കി നൽകുക. കേരളത്തിന്റെ സമഗ്രപുരോഗതിക്ക് അനുസൃതമായ കരിക്കുലമാണ് രൂപപ്പെടുത്തേണ്ടത്.

ആഗോള തൊഴിൽ മാർക്കറ്റിലെ മാറ്റങ്ങൾക്കനുസരിച്ച് തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള ബിരുദതലത്തിലെ വിടവ് നികത്തും. വിദ്യാർത്ഥികളുടെ ഗവേഷണസംരംഭകത്വ താല്പര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള കരിക്കുലം പരിഷ്കരണമാണ് സർക്കാർ ലക്ഷ്യം വെയ്ക്കുന്നത്. തുറന്നതും സംവാദാത്മകവുമായ അന്തരീക്ഷം സൃഷ്ടിച്ച് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ സർഗ്ഗാത്മകവും ചലനാത്മകവുമാക്കും.

കാലത്തിന്റെ വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിന് ബിരുദതലത്തിൽ തന്നെ വിദ്യാർത്ഥികളെ പ്രാപ്തരാക്കുവാൻ നാല് വർഷ ബിരുദ പ്രോഗ്രാമുകൾക്ക് കഴിയണം.

ജനപക്ഷത്ത് നിന്നുള്ള വൈജ്ഞാനിക സമൂഹ നിർമ്മിതിയ്ക്ക് അക്കാദമിക സമൂഹം തയ്യാറാകണം, മന്ത്രി ആർ. ബിന്ദു പറഞ്ഞു.

വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ അധ്യക്ഷനായിരുന്നു. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ റിഫോംസ് ഇംപ്ലിമെന്റേഷൻ സെൽ റിസർച്ച് ഓഫീസർ ഡോ. വി. ഷഫീക്ക് പദ്ധതി അവതരണം നിർവ്വഹിച്ചു.

മന്ത്രി ബിന്ദു ചർച്ചകൾക്ക് നേതൃത്വം നൽകി. പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. ഡി. സലിംകുമാർ, ഡോ. പി. വി. രാമൻകുട്ടി, ഡോ. ടോമി ജോസഫ്, പ്രൊഫ. എം. മണിമോഹനൻ, ഡോ. സി. എം. മനോജ്കുമാർ, കുസാറ്റ് സിൻഡിക്കേറ്റ് അംഗം ഡോ. പി. കെ. ബേബി, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല രജിസ്ട്രാർ പ്രൊഫ. എം. ബി. ഗോപാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

# സംസ്ഥാനത്തെ ആദ്യ സ്കിൽ ഹബ് റാന്നിയിൽ സ്ഥാപിക്കും



**റാന്നി:** കേരളത്തിലെ ആദ്യ സ്കിൽ ഹബ് റാന്നിയിൽ സ്ഥാപിക്കുമെന്ന് അഡ്വ. പ്രമോദ് നാരായൺ എംഎൽഎ പറഞ്ഞു. റാന്നി മണ്ഡലത്തിൽ റെയിൻ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് റാന്നി ബ്ലോക്ക് ഓഫീസിൽ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു എംഎൽഎ. സ്കിൽ ഹബ് സ്ഥാപിക്കുന്നതിനായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

റെയിൻ പദ്ധതിയിലൂടെ സ്കൂളുകളിൽ കൗൺസിലിംഗുകൾ നടത്തും. പ്ലസ് വൺ വിദ്യാർഥികളിലാണ് ആദ്യം നടത്തുക. രണ്ടാം ഘട്ടം സ്കൂളുകളിൽ നടത്തും. ലഹരിക്കെതിരെ വിദ്യാർഥികളെ ഒന്നിപ്പിച്ചാണ് റെയിൻ പദ്ധതി റാന്നി മണ്ഡലത്തിൽ നടത്തുന്നത്. റെയിൻ പദ്ധതി ജനകീയമായി മാറുവാൻ ഏവരും ഒത്തൊരുമിച്ച് പ്രവർത്തിക്കണം. ഭാവി വാഗ്ദാനങ്ങളായ ഇന്നത്തെ വിദ്യാർഥികൾ ലഹരിയുടെ ആസക്തിയിൽ നിന്ന് സമൂഹത്തെ കൈപിടിച്ച് ഉയർത്തേണ്ടവരാണെന്ന കാഴ്ചപ്പാട് ഉൾക്കൊണ്ടാണ് വിദ്യാർഥികളെ ഇത്തരത്തിലുള്ള പ്രവർത്തനത്തിലേക്ക് കൊണ്ടുവന്നത്.

പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി റിസോഴ്സ് ടീമിനെ രൂപീകരിച്ച് അവർക്ക് പരിശീലനം നൽകുകയാണ് ആദ്യം ഘട്ടത്തിൽ. ഇങ്ങനെ പരിശീലനം നേടിയവർ മണ്ഡലത്തിലെ 40 വിദ്യാലയങ്ങളിലെ വിദ്യാർഥികൾക്ക് ശാസ്ത്രീയമായ അവബോധ പ്രവർത്തനത്തിൽ ഭാഗഭാക്കാകും. കുട്ടികളുടെ അഭിരുചികൾ കണ്ടെത്തുന്നതിന് ഒരു ടീമിനേയും, മറ്റു പ്രവർത്തനങ്ങൾക്കായി മറ്റൊരു ടീമിനേയും സ്കൂൾ കൗൺസിലർമാരിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്. റാന്നിയിലെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി, കോളജ്, പോളിടെക്നിക്, ഐടിഐ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ ആർമി എസ്പിസി മാതൃകയിൽ രൂപീകരിച്ചു.

രണ്ടാംഘട്ടത്തിൽ കുടുംബശ്രീ പോലെയുള്ള സാമൂഹ്യ പ്രസ്ഥാനങ്ങളുടെ സഹായത്തോടെ രക്ഷകർത്താക്കൾക്ക് അവബോധം നൽകും. അതിനുശേഷം ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സാധിക്കുന്ന സാമൂഹ്യരംഗത്തെ പ്രഗൽഭരെ ഉൾപ്പെടുത്തി ജാഗ്രത സമിതികളും രൂപീകരിക്കും.

കുട്ടികൾക്ക് ഈ വിഷയത്തിൽ നേരിടുന്ന പ്രശ്നങ്ങളുടെ മേൽ അവരെ സഹായിക്കുവാനും സർഗാത്മക പ്രവർത്തനങ്ങളിലേക്ക് വിദ്യാർഥികളെ കൊണ്ടുപോകുന്നതിന് സഹായകരമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിന്റെയും ഭാഗമായി സ്റ്റുഡൻസ് സെന്ററും റാന്നിയിൽ തുടങ്ങുമെന്നും എംഎൽഎ പറഞ്ഞു.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. ഗോപി, ചെറുകോൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ. സന്തോഷ്, റാന്നി എക്സൈസ് സി.ഐ. വി.എ. സഹദുള്ള, സൈക്കോളജിസ്റ്റ് സ്മിത, എം.ഇ.എസ്. കോളജ് സോഷ്യൽ വർക്ക് എച്ച്.ഒ.ഡി. ചിഞ്ചു ചാക്കോ, ജില്ലയിലെ സ്കൂൾ കൗൺസിലർമാർ തുടങ്ങിയവർ പങ്കെടുത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com